1028

1028

1487

പാലിയത്ത്

# ഗോവിന്ദൻ വലിയച്ചൻ

1487

~~35919~~

ഗ്രന്ഥകർത്താ:

വി. കെ. രാമൻമേനോൻ ബി. എ., എൽ. ടി.

KOTTAYAM PUBLIC LIBRARY
KOTTAYAM

ബി. വി. ബുക്ക് ഡിപ്പൊ & പ്രിൻറിംഗ് വർക്ക്സ്

തൃശ്ശിവപേരൂർ.

1123

വില പന്ത്രണ്ടണ.

# മുഖവുര.

പാലിയം സ്വരൂപത്തിൻെറ ഒരു ചരിത്രം എഴുതണമെന്നു് എന്നോടു് പല മാന്യന്മാരും ആവശ്യപ്പെട്ടിട്ടുണ്ടു്. കുറെക്കാലമായി ഞാൻ അതിന്നുവേണ്ട രേഖകൾ ശേഖരിച്ചുവരികയാണു്. പക്ഷെ അതിന്നുള്ള ബുദ്ധിമുട്ടുകൾ ആലോചിക്കുമ്പോൾ ചരിത്രം പൂർത്തിയാക്കുവാൻ കുറെ കാലതാമസം വന്നേക്കാമെന്നു തോന്നുന്നുണ്ടു്. അതിന്നിടക്കു് പാലിയം സ്വരൂപത്തെ അലങ്കരിച്ച ചില മഹാന്മാരുടെ ജീവചരിത്രം പ്രസിദ്ധപ്പെടുത്തുന്നതു് അസ്ഥാനത്തിലാകയില്ലെന്നു വിശ്വസിക്കുന്നു. "ചേന്നാപട്ടണത്തച്ഛൻ' എന്ന അപരനാമധേയത്താൽ അറിയപ്പെടുന്ന പാലിയം ഗോവിന്ദനച്ഛൻെറ ജീവചരിത്രം ആദ്യമായി പ്രസിദ്ധപ്പെടുത്തുവാൻ പ്രത്യേകകാരണമുണ്ടു്. പല ചരിത്രകാരന്മാരും ഇദ്ദേഹത്തെ വളരെ വികൃതമായിട്ടാണു് ചിത്രീകരിച്ചിട്ടുള്ളതു്. ഇതിൽ അത്ഭുതമൊന്നുമില്ല. എന്തെന്നാൽ 'അച്ഛൻെറ പരമവിരോധികളും അന്നു് അധികാരപദത്തിലിരുന്നിരുന്നവരുമായ റസിഡെണ്ടു് മെക്കാളെ, ചെറുപറമ്പത്തു കുഞ്ഞികൃഷ്ണമേനോൻ മുതലായവർ നടത്തിയ എഴുത്തുകുത്തുകളിൽനിന്നാണു് അവക്കു അച്ഛനെപ്പററിയുള്ള വിവരങ്ങൾ ഗ്രഹിക്കുവാനിടയായിട്ടുള്ളതു്. അതിനാൽ അവർ പറയുന്നതു മുഴുവൻ ശരിയാണെന്നു വിശ്വസിക്കുവാൻ യാതൊരു ന്യായവുമില്ല. ഈ പുസ്തകത്തിൽതന്നെ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള കൊച്ചി സേനാധിപനായിരുന്ന മേജർ ഹ്യൂവററിൻേറയും, കൊച്ചിരാജാവിൻേറയും അച്ഛൻേറയും എഴുത്തുകളിൽനിന്നു് അദ്ദേഹത്തിൻെറ സ്വഭാവം ഏറെക്കുറെ മനസ്സിലാക്കാവുന്നതാണു്. അച്ഛനു പല ദോഷങ്ങളുണ്ടായിരുന്നെങ്കിലും അവ കാലാനുസൃതങ്ങളാണു്. ഇന്നത്തെ തോതുവെച്ചു് അദ്ദേഹത്തിൻെറ സ്വഭാവം നിരൂപണം ചെയ്യുന്നതു ശരിയാ•

യിരിക്കയില്ല. ഈ പുസ്തകം പ്രസിദ്ധപ്പെടുത്തുന്നതിൽ ശങ്കുണ്ണി മേനോന്റെ തിരുവിതാംകൂർ ചരിത്രം, പത്മനാഭമേനോന്റെ കൊച്ചി രാജ്യചരിത്രം, സ്റ്റേറ്റ് മാന്വൽ എന്നിവക്കു പുറമെ പാലിയത്തു ഗ്രന്ഥവരിയും അച്ചന്റെ ഡയറിയും എനിക്കു സഹായമായിത്തീർന്നിട്ടുണ്ടു്. ഈ പ്രസിദ്ധീകരണം പ്രയോജനപ്രദമാണെന്നു വായനക്കാർക്കു തോന്നുന്നുണ്ടെങ്കിൽ അടുത്തുതന്നെ കോമിയച്ചന്റെ ജീവചരിത്രം പ്രസിദ്ധപ്പെടുത്തണമെന്നു് ഉദ്ദേശിക്കുന്നുണ്ടു്.

വി. കെ. രാമമേനോൻ

---

# പ്രാരംഭം

ഒടുവിലത്തെ ചേരമാൻ പെരുമാൾ തൻെറ സാമ്രാജ്യത്തെ മൂന്നായി ഭാഗിച്ചപ്പോൾ സൂര്യക്ഷത്രിയന്നു്, അതായതു് കൊച്ചിരാജാവിന്നു് അയ്മ്പത്തിരണ്ടുകാതം ഭൂമിയും പതിനെട്ടു് പ്രഭുക്കന്മാരേയും നാല്പത്തിരണ്ടു മന്ത്രിമാരേയും കൊടുത്തു എന്നും അവരിൽ പ്രമാണി പാലിയത്തച്ചൻ ആയിരുന്നു എന്നും കേരളോല്പത്തിയിലും,

ലവപുത്രന്നു പതിവായു്
പയററുവതിനാക്കിനാൻ
പാലിയത്തമരുന്നോരു
നായകൻതന്നെ നിത്യമായു്

എന്നു് കേരളമഹാത്മ്യത്തിലും കാണുന്നു. കൊച്ചിരാജവംശത്തിൻെറമൂലകുഡുംബം ബ്രിട്ടീഷ്മലബാറിൽ ചാവക്കാട്ടുതാലൂക്കിലുള്ള വന്നേരിയിലായിരുന്നു എന്നും അവിടെ കൊച്ചിരാജവംശത്തിലെ ഓരോ താവഴിക്കാൎക്കും ഓരോ കോവിലകവും അതോടുചേൎന്ന കുറെ വസ്തുക്കളും ഉണ്ടായിരുന്നതായും ചരിത്രകാരന്മാർ രേഖപ്പെടുത്തിയിരിക്കുന്നു. "പെരുമ്പടപ്പു്" എന്നു പേരായ ഒരു ഭൂമിയും അതിന്നടുത്തു് പാലിയം വകയായിരുന്ന ഒരു പറമ്പും ഇപ്പോഴും അവിടെ ഉണ്ടു്. മേൽപറഞ്ഞ സംഗതികളിൽനിന്നു് കൊച്ചിയും പാലിയവും ആയിട്ടുള്ള ബന്ധം വളരെ പുരാതനകാലം മുതല്ക്കുതന്നെ ഉള്ളതാണെന്നു വ്യക്തമാകുന്നുണ്ടല്ലൊ.

ചേന്ദമംഗലവും അതിന്നു് വടക്കും കിഴക്കുമുള്ള പ്രദേശങ്ങളും ആദ്യകാലത്തു് ഭരിച്ചിരുന്നതു് വില്ലാർവട്ടത്തു രാജാവായിരുന്നു. പതിനാറാം നൂററാണ്ടിൻെറ ഒടുവിൽ വില്ലാർവട്ടത്തു് ഒരു രാജാവു മാത്രമായി ശേഷിച്ചു. വംശം അന്യംനില്ക്കുമെന്നുള്ള നിലയിലായപ്പോൾ ഒടുവിലത്തെ രാജാവായ രാമരാമവൎമ്മരായ അപതിരികോവിലധികാരികൾ, "തങ്ങൾക്കു് വാൎദ്ധക്യ

ഖ്യ സന്തതിയില്ലാതെ ഏകനായും വരികകൊണ്ടു് ഞങ്ങൾക്കുള്ള ചേന്ദമംഗലം, ഗോതുരുത്തു . കടൽവാതുരുത്തു്, ചാത്തേടം, കല്ലൂര്, കുഴൂര്, തൃക്കൂര്, കരുമാല്ലൂര്, [illegible]ിക്കോട്, മുളവുകാട്, നായരമ്പലം, പള്ളിപ്പുറം മുതലായ ദേശങ്ങളിൽ ഉള്ള ഉൽപത്തികളും അടിയാര്, കുടിയാര്, അങ്കം, ചുങ്കം, ദേശം, ദേശാധിപത്യം, വഴി, പിഴ, പുരുഷാന്തരം, നട, കൊടി, വെടി, വാദ്യം മുതലായ സ്ഥാനമാനങ്ങളും മററുമെപ്പേർപെട്ടവയും മററൊരുത്തരാൽ ഒരു ചോദ്യം ഇടാത്തവണ്ണം നാം അനുഭവിച്ചുവരുന്നതു പോലെ എന്നെന്നേക്കും പാലിയത്തു കോമിയും അനന്തിരവന്മാരും അനുഭവിച്ചുകൊള്ളുമാറു് അട്ടിപ്പേർ നീർ മുതൽ ഉദകമായി' എഴുതികൊടുത്തതായി കാണുന്നു. ഇപ്രകാരം ചേന്ദമംഗലവും അയൽപ്രദേശങ്ങളും പാലിയത്തച്ചന്റെ അധീനത്തിലായിത്തീന്നു. പാലിയത്തച്ചന്മാർ കൊച്ചിരാജാവിന്നു് പല സഹായങ്ങൾ ചെയ്തതിന്നു് പ്രതിഫലമായി ക്രി. 1622_ൽ വയ്പിലെ അധിപതിയാക്കിയതായി സ്റ്റേയ്ററ്മാനുവലിൽ കാണുന്നുണ്ടു്. പതിനാറാം നൂററാണ്ടിൽ കൊച്ചി പറങ്കികളുടെ അധീനത്തിലായിരുന്നു. കൊച്ചിരാജാവിൽനിന്നു് പല ആനുകൂല്യങ്ങളും സഹായങ്ങളും ലഭിച്ച പറങ്കികൾ അവയെല്ലാം വിസ്മരിച്ചു് രാജ്യത്തു് അനവധി നാശങ്ങൾ വരുത്തിവെച്ചു. അതിനാൽ പാലിയത്തച്ചൻ ലന്തക്കാരുടെ സഹായത്തോടുകൂടി പറങ്കികളെ നാട്ടിൽനിന്നു് ഓടിച്ചു. ഡച്ചുകാരുടെ കാലത്തു് പാലിയം ഒരു വലിയ ശക്തിയായിത്തീന്നു. ഡച്ചു ജനറാലുടെ ഒരെഴുത്തിൽ 'പാലിയത്തച്ചന്മാർ പെരുമ്പടപ്പിൽ സൊരൂപത്തു് പ്രതിരാജാക്കന്മാർക്കുവേണ്ടി ഗുണമാകുന്ന പ്രയത്നങ്ങൾ ചെയ്തുകിടക്കുന്ന അവസ്ഥയും അവരുടെ കീർത്തിത്വത്തിന്നും ബഹുമാനത്തിന്നും കുമ്മദോർമാരും കോൺസലന്മാരും ആകുംവണ്ണം പാലിയത്തുമേന്നു് ഗുണം ചെയ്യേണ്ടതായാവൂ' എന്നു എഴുതിക്കാണുന്നു. ക്രി. 1661_ൽ ഡച്ചു് ഗവർണ്ണരായ വാൻഗോവൻസ് പുറപ്പെടുവിച്ച ഒരു വിളം

ഷ്യരത്തിൽ 'മലബാറിലെ രാജാക്കന്മാരിൽ ആരെങ്കിലും പാലിയത്തച്ചന്നോ അദ്ദേഹത്തിന്റെ ആൾക്കാൎക്കോ വല്ല ഉപദ്രവും ചെയ്താൽ ആ ആൾക്ക് തക്കതായ ശിക്ഷ നൽകുന്നതാണ്' എന്നു പ്രസ്താവിച്ചിട്ടുണ്ട്. ക്രി 1681_ൽ പാലിയത്തച്ചനെ, കുലസ്ഥ വിധിപ്പാനും ശിക്ഷിപ്പാനുമുള്ള അധികാരത്തോടുകൂടി കൊച്ചിയിലെ വലിയ സൎവ്വാദ്ധ്യക്ഷനായി നിയമിച്ചു. ചരിത്ര പ്രഖ്യാതനായ കോമിയച്ചൻ 1731ൽ കൊച്ചിരാജ്യത്തെപ്രധാനമന്ത്രിയായി. 1757ൽ സാമൂതിരിപ്പാട് ഒരു വലിയ സൈന്യവുമായി കൊച്ചിരാജ്യം ആക്രമിക്കുവാൻ പുറപ്പെട്ടപ്പോൾ കോമിയച്ചനൊഴിച്ചു മററു മിക്ക പ്രഭുക്കന്മാരും സാമൂതിരിയുടെ ഭാഗത്തു ചേൎന്നു. ശത്രുപക്ഷത്തിൽ ചേരുവാൻ തന്നെ ഉപദേശിച്ച ഒരു അനന്തരവനെ അദ്ദേഹം അവകാശഭ്രഷ്ടനാക്കുകയും ചെയ്തുവത്രെ.

കോമിയച്ചൻ തിരുവിതാംകൂർ മഹാരാജാവുമായി സന്ധി ചെയ്യുകയും തിരുവിതാങ്കൂർ സൈന്യത്തിൻെറ സഹായത്തോടുകൂടി സാമൂതിരിയെ തോല്പിച്ച് രാജ്യത്തെ ശത്രുക്കളിൽനിന്നു രക്ഷിക്കുകയും ചെയ്തു. കൊച്ചിരാജ്യത്തെ മൈസൂരിനോടു ചേൎക്കുവാൻ ഉത്സാഹിച്ച ഹൈദരാലിയെ ആ ശ്രമത്തിൽനിന്നുപിൻവലിപ്പിച്ചതു് കോമിയച്ചൻെറ സാമൎത്ഥ്യം തന്നെയായിരുന്നു. പിന്നീട് കോമിയച്ചൻ പ്രഭുക്കന്മാരുടെ ശക്തിയെ മിക്കവാറും നശിപ്പിച്ച് രാജ്യത്തു സമാധാനം പുലൎത്തിവന്നു. കൊച്ചിയിൽ ആധുനിക ഭരണസമ്പ്രദായത്തിൻെറ അസ്തിവാരമിട്ടതുതന്നെ ഈ കോമിയച്ചനാണെന്നു ചരിത്രകാരന്മാർ പറയുന്നു. 1779_ൽ കോമിയച്ചൻ ഇഹലോകവാസം വെടിഞ്ഞു. ഡച്ചുഗവൎണ്ണരും ഹൈദരാലിയും മരണവൃത്താന്തം കേട്ടപ്പോൾ അയച്ച അനുശോചനക്കത്തുകളിൽ അദ്ദേഹത്തിൻെറ ഗുണഗണങ്ങളെ വാഴ്ത്തിയിരുന്നു. ഈ സന്ദൎഭത്തിൽ മഹാകവി കുഞ്ഞുകുട്ടൻ തമ്പുരാനുണ്ടാക്കിയ താഴെ എഴുതുന്ന ശ്ലോകങ്ങളിലേക്ക് വായനക്കാരുടെ ശ്ര

ശത്തെ ക്ഷണിച്ചുകൊള്ളുന്നു. അതുകളിൽനിന്നു പാലിയം പൂർവ്വ ചരിത്രത്തെപ്പററി സാരമായ ചില സംഗതികൾ ധരിക്കാവുന്ന താണ്.

1 മാടക്ഷ്മേശർ പെരുമ്പടപ്പുനിലയം
വന്നേരിവാഴുമ്പോഴെ
ക്കുടെപ്പാർത്തനുവൃത്തി മൂത്തു സചിവ–
സ്ഥാനം വഹിച്ചങ്ങിനെ
കേടററീടിന പുഷ്ടിയശ്ശുകപൂരം
കൂററിന്നു കൂട്ടിപ്രിയ–
ത്തോടന്നേമുതലാം നൃപക്ക
തുണയാം വീരാന്വയം പാലിയം

2 ഈ മാടക്ഷോണിപന്മാരെവിടെയെവിടയാ–
രാജവംശാധിവാസം
സമ്മാന്യം നല്ലദിക്കിൽ കരുതിയടിയുറ–
പ്പിച്ചുവോ രാജധാനി
സീമാതീതപ്രഭാവം നരവരനു പുല–
ത്തുംവിധം പാലിയത്തു–
ള്ളീമാന്യാമാത്യവംശത്തിനു മവിടവിടെ
സ്ഥാനമുണ്ടെന്നു കാണാം.

3 പഞ്ചാംശത്തിൽ പ്രസിദ്ധം തടവിവിലസിടും
ചേരമാൻ കൊല്ലമാണ്ടാ–
വഞ്ചാരിത്രും പുകഴ്ത്തും പഴയ നൃപനൊടി
പാലിയത്തച്ചനൊപ്പം
അഞ്ചാതേ പോന്നതത്രേ പുകഴിനതിരുവഞ്ചി–
ക്കുളത്തുഴിവാഴാൻ
മുഞ്ചാതിന്നാണു മാടക്ഷിതിപനിതുവിധം
പാലിയം മന്ത്രിവംശം.

1487

4. പിന്നെക്കാലാന്തരത്തിൽ ക്ഷിതിപസചിവനാ–
സ്ഥാനമിങ്ങൊന്നൊഴിഞ്ഞു
തന്നെത്താൻ മന്നവന്മാർ പരമരുളുകയാൽ
നാട്ടൂർ വീടച്ചനേറെ
സന്താപംകണ്ടു രാജ്യത്തിനു പലവിധവും
പാലിയത്തച്ചനായി
പിന്നെക്കൈടാക്കെന്നിക്കിട്ടൊരു നിലയിലുറ–
പ്പിച്ചിതീക്കൊച്ചിരാജ്യം.

5 ഇവ്വണ്ണം പണ്ടുപണ്ടേ വലിയ നിലയിലായ്
വാണെഴും പാലിയത്തു–
ള്ളാവംശക്കാർക്കുദാത്തായ് നൃപതി പദവിയും
നൽകി വില്ലാർവട്ടം.
ഏവം മാന്യത്വമാർന്നും നൃപനു സചിവനാം
കോമിയച്ചന്റെ കീർത്തി–
ക്കൈവന്നതാനു മാടക്ഷിതിപനു പൊതുവിൽ–
കാണുമീക്കൊച്ചിരാജ്യം.

കോമിയച്ചന്റെ കാലശേഷം കുറെക്കാലത്തേക്ക് പാലിയത്തച്ചനു മന്ത്രിസ്ഥാനമുണ്ടായിരുന്നില്ല. എന്നാൽ 1806–ൽ രാഘതൻ വവ്യരാൻ തീപ്പെടുകയും വിദ്വാനും കവിയുമെന്നു പ്രസിദ്ധി നേടിയ രാമവർമ്മരാജാവു സിംഹാസനസ്ഥനാവുകയും ചെയ്തപ്പോൾ അച്ചനു വീണ്ടും മന്ത്രിസ്ഥാനം ലഭിച്ചു. അന്നത്തെ മന്ത്രിയായ അച്ചനാണ് 'ചെന്നപട്ടണത്ത് അച്ചൻ' എന്ന പേരിനാൽ അറിയപ്പെടുന്ന പാലിയത്തു ഗോവിന്ദൻ വലിയച്ചൻ.

---

# പാലിയത്തു്

35919

# ഗോവിന്ദൻ വലിയച്ചൻ

"ആസ്തേ വഞ്ചിക്ഷിതിപതിവരാദാത്മനോ നാതിഭിന്നോ
യസ്മിൻ മാടക്ഷിതിഭൃദധുനാ ദേഹമാത്രേണ ഭിന്നഃ
ഏതൽപ്രീതിപ്രസരവിഷയേ വീതനിശ്ശേഷദോഷേ
വിശ്വക്ഷോണീഭരണനിപുണേ മന്ത്രിണി ന്യസ്തഭാരഃ

എന്ന ശ്ലോകത്തിൽ വീതനിശ്ശേഷദോഷനും വിശ്വക്ഷോണീഭരണനിപുണനുമായ മന്ത്രി എന്നു പറഞ്ഞിട്ടുള്ളതു് 1825-ൽ നാടുനീങ്ങിയ പാലിയത്തു ഗോവിന്ദൻ വലിയച്ചനെ ഉദ്ദേശിച്ചാണു്. ശൌര്യവീര്യപരാക്രമനിധിയായ ഇദ്ദേഹം ആധുനിക കൊച്ചിരാജ്യ ചരിത്ര നാടകത്തിലെ ഒരു പ്രധാന നടനായിരുന്നു. പ്രത്യർത്ഥികൾക്കു സംഹാരരുദ്രനും ആശ്രിതന്മാർക്കു കല്പകതരുവുമായ ഇദ്ദേഹത്തിൽ രാജഭക്തിയും രാജ്യഭക്തിയും സമ്മേളിച്ചു പ്രകാശിച്ചിരുന്നു. രാജ്യത്തിനോ രാജാവിനോ ദോഷം ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടെന്നു വിശ്വാസം വന്നിട്ടുള്ളവരുടെ നേരെ ഇദ്ദേഹത്തിന്നു് അശേഷം ദയയുണ്ടായിരുന്നില്ല. ഇദ്ദേഹത്തിന്റെ ഈ വക ഗുണങ്ങളെ ശത്രുക്കൾപോലും സമ്മതിച്ചിരുന്നു. മുൻകോപമാണു് ഇദ്ദേഹത്തിന്നുണ്ടായിരുന്ന വലിയ ദൂഷ്യം. ആ ദൂഷ്യമാണു് ഇദ്ദേഹത്തിന്നു ആപൽക്കരമായിത്തീന്നതും.

ഗോവിന്ദൻ വലിയച്ചൻ ക്രി 1759-ൽ ജനിച്ചു. അച്ചന്റെ ബാല്യകാല ചരിത്രത്തെപ്പറ്റി അധികമൊന്നും അറിവാൻ സാധിച്ചിട്ടില്ല. ഇദ്ദേഹം തമിഴിലും സംസ്കൃതത്തിലും

നല്ല പാണ്ഡിത്യമുള്ള ആളായിരുന്നുവെന്നു ചില എഴുത്തുകുത്തുകളിൽനിന്നും വെളിവാകുന്നുണ്ടു്. സ്വല്പമായ ഇംഗ്ലീഷുഭാഷാപരിചയവും ഇദ്ദേഹത്തിന്നുണ്ടായിരുന്നു. എന്നാൽ ഇദ്ദേഹം ഒരു നല്ല ആയുധാഭ്യാസിയും സൈനികപരിശീലനം ലഭിച്ച ആളുമായിരുന്നുവെന്നുള്ളതിനു് തർക്കമില്ല. സാമൂതിരിപ്പാടു് തൃശ്ശൂർ സങ്കേതത്തിൽവെച്ചു് കൊച്ചി രാജാവിനെ എതിർത്തും. പാലിയത്തച്ചനൊഴിച്ചു് മററു മിക്ക പ്രഭുക്കന്മാരും സാമൂതിരിയുടെ ഭാഗത്തു ചേർന്നും, കൊച്ചി രാജാവിന്റെ സൈന്യങ്ങൾ പിന്മാറിയതും, കൊച്ചിരാജ്യം നാമാവശേഷമാകുമെന്ന നിലയിലായപ്പോൾ ഇദ്ദേഹത്തിന്റെ പൂർവ്വഗാമിയായ കോമിയച്ചന്റെ സാമർത്ഥ്യത്താൽ നഷ്ടപ്പെട്ട രാജ്യങ്ങൾ വീണ്ടെടുത്തതും, കൊച്ചിയും തിരുവിതാംകൂറുമായി സന്ധിയുണ്ടായതും ചരിത്രനായകന്റെ ബാല്യകാലത്തെ സംഭവങ്ങളാണു്. ഈ സംഭവങ്ങൾ രാജ്യദ്രോഹികളായ ചില പ്രഭുക്കന്മാരുടെ പേരിൽ ചരിത്രനായകനു വിദ്വേഷം വളർക്കുവാൻ ഇടയാക്കി. അവരുടെ ശക്തി കുറക്കുകയും രാജശക്തി വളർപ്പിക്കുകയും ചെയ്യുന്ന കാര്യത്തിൽ ഇദ്ദേഹം കോമിയച്ചനെ വളരെ സഹായിച്ചതായി കാണുന്നു. തന്നിമിത്തം രാജ്യത്തെങ്ങും സമാധാനം പരിപാലിക്കുവാനുള്ള മാർഗ്ഗം ശക്തൻതമ്പുരാൻ തിരുമനസ്സിലേക്കു സുകരമായിത്തീർന്നു. അതിനാൽ 1779-ൽ കോമിയച്ചൻ നാടുനീങ്ങുകയും, ചരിത്രനായകനു മൂപ്പു കിട്ടുകയും ചെയ്തപ്പോൾ ഒരു പ്രബലനായ മന്ത്രിയുടെ സഹായം തിരുമനസ്സിലേക്കു ആവശ്യമുണ്ടായിരുന്നില്ല. 1790 മുതൽ 1806 വരെ പാലിയത്തച്ചനു കൊച്ചിരാജ്യമന്ത്രിസ്ഥാനം ഉണ്ടാകാതിരുന്നതിന്നുള്ള കാരണം ഇതുതന്നെയായിരിക്കണം. അതല്ലാതെ തിരുമനസ്സിലേക്കു് അച്ചന്റെ പേരിൽ പ്രത്യേക വിരോധമുണ്ടാകുവാൻ കാരണമൊന്നുമുണ്ടായതായി കാണുന്നില്ല.

1487

കഥാനായകനു മൂപ്പു കിട്ടിയപ്പോൾ 20 വയസ്സു പ്രായമേ ആയിരുന്നുള്ളു. എങ്കിലും അദ്ദേഹത്തിന്റെ ഭരണവൈദഗ്ധ്യം അചിരേണ പ്രത്യക്ഷപ്പെട്ടു. അദ്ദേഹത്തിന്റെ അധികാരാതിർത്തികളിൽ ശക്തൻ തമ്പുരാൻ ഇടപെട്ടിരുന്നില്ല. അതിനാൽ അദ്ദേഹത്തിനു് സ്വേച്ഛാനുസരണം കാര്യങ്ങൾ നടത്തുന്നതിൽ യാതൊരു പ്രതിബന്ധവും അക്കാലത്തുണ്ടായില്ല. കള്ളന്മാരേയും അക്രമികളേയും അമർച്ച വരുത്തി തന്റെ അധികാരാതിർത്തികളിൽ സമാധാനം പരിപാലിച്ചു. അതാതു മതക്കാർ അവരവരുടെ മതാനുസരണം കർമ്മങ്ങൾ ചെയ്യുന്നതിൽ പ്രതിബന്ധം വരുത്തുന്നവരെ അദ്ദേഹം കഠിനമായി ശിക്ഷിച്ചു വന്നു.

1806-ൽ ശക്തൻതമ്പുരാൻ തീപ്പെട്ടു. അതിനുശേഷം സിംഹാസനാരോഹണം ചെയ്ത രാമവർമ്മ രാജാവു് ഒരു വലിയ വിദ്വാനും കവിയുമായിരുന്നു. ജ്ഞാനസമ്പാദനത്തിലും കാവ്യനിർമ്മാണത്തിലുമാണു് അദ്ദേഹത്തിന്റെ ശ്രദ്ധ മുഖ്യമായി പതിഞ്ഞിരുന്നതു്. രാജ്യഭരണവിഷയത്തിൽ അദ്ദേഹം തീരെ അസമർത്ഥനായിരുന്നു. കാര്യശേഷിയും കർമ്മകുശലതയുമുള്ള ഒരു മന്ത്രിയുടെ സാന്നിദ്ധ്യം ഇവിടെ അത്യന്താപേക്ഷിതമായിത്തീർന്നു. ചെറുപറമ്പിൽ കുഞ്ഞുകൃഷ്ണമേനോൻ ഈ സ്ഥാനലബ്ധിക്കുവേണ്ടി എല്ലാശ്രമങ്ങളും ചെയ്തു. അദ്ദേഹം റസിഡണ്ട് മെക്കാളയുടെ ഉറ്റസ്നേഹിതനുമായിരുന്നു. എന്നാൽ തിരുവിതാംകൂർ മന്ത്രിയായ വേലുത്തമ്പി പാലിയത്തച്ഛനെയാണു് ഈ സ്ഥാനത്തേക്കു ശിപാർശി ചെയ്തിരുന്നതു്. പാലിയത്തച്ഛനെ മന്ത്രിയാക്കുന്നതു് ശക്തൻ തമ്പുരാന്റെ ഹിതത്തിന്നു വിരോധമാണെന്നും ചെറുപറമ്പു കുഞ്ഞുകൃഷ്ണമേനോന്റെ ഉത്തമ സുഹൃത്തായ മെക്കോളെസ്സായ്പിനു നീരസകാരണമായിരിക്കുമെന്നും കുഞ്ഞുകൃഷ്ണമേനോന്റെ ആൾക്കാർ തിരു

മനസ്സിലെ ധരിപ്പിച്ചു. എന്നാൽ തമ്പുരാൻ പാലിയത്തച്ഛനെത്തന്നെയാണു് മന്ത്രിയായി നിയമിച്ചതു്. ഇതിനു അദ്ദേഹത്തെ പ്രേരിപ്പിച്ചതായി പറയുന്ന സംഗതി പ്രസ്താവയോഗ്യമാണു്.

മനഃക്കോട്ടച്ചന്മാർ ഇക്കാലത്തു വലിയ പ്രബലന്മാരായിരുന്നു. വടക്കാഞ്ചേരി മുതൽ ചെറുതുരുത്തിവരെയുള്ള ദേശങ്ങളും മുള്ളൂർക്കരയും അവരുടെ അധീനത്തിലായിരുന്നു. അവർ പ്രസിദ്ധ മന്ത്രവാദികളായിരുന്നതിനാൽ നാട്ടുകാർ അവരെ ഭയഭക്തിയോടുകൂടിയാണു് കരുതിപ്പോന്നിരുന്നതു്. ശക്തൻ തമ്പുരാന്റെ കാലത്തു് അവർ അടങ്ങിയൊതുങ്ങിയിരുന്നുവെങ്കിലും അവിടുത്തെ കാലശേഷം സ്ഥാനാരോഹണം ചെയ്ത തമ്പുരാൻ ശുദ്ധാത്മാവും, അശക്തനുമാണെന്നു അവർ മനസ്സിലാക്കിയതിനാൽ പുതുതായി ഓരോ ദേശങ്ങൾ പിടിച്ചടക്കുവാൻ തുടങ്ങി. ഒരിക്കൽ തമ്പുരാൻ തന്റെ പരദേവതയായ പഴയന്നൂർ ഭഗവതിയെ തൃക്കൺപാർക്കുവാൻ പരിവാരസമേതം എഴുന്നെള്ളുകയായിരുന്നു. മനഃക്കോട്ടച്ചന്റെ അധികാരാതിർത്തിയിലെത്തിയപ്പോൾ, "തിരുമനസ്സുകൊണ്ടു് പല്ലക്കിൽ നിന്നു താഴെ ഇറങ്ങണം. അകമ്പടിക്കാരെല്ലാം ആയുധം താഴെ വെക്കണം അല്ലാതെ ഒരടിപോലും, മുമ്പോട്ടു പോകുവാൻ പാടുള്ളതല്ല. ഇതു മനഃക്കോട്ടച്ചന്റെ നാടാണു്" എന്നുപറഞ്ഞു് അച്ചന്റെ ആൾക്കാർ അദ്ദേഹത്തെ തടുത്തു. അവരോടു പൊരുതുവാനുള്ള സൈന്യബലമോ മനക്കരുത്തോ അദ്ദേഹത്തിനില്ലാതിരുന്നതിനാൽ ഈ അപമാനം സഹിക്കുകയേ ഗത്യന്തരമുണ്ടായിരുന്നുള്ളു. അതിനാൽ ദേവീദർശനം കഴിക്കാതെ കുണ്ഠിതത്തോടുകൂടി തൃപ്പൂണിത്തുറെക്കു മടങ്ങി. ഈ വർത്തമാനം അമ്മതമ്പുരാൻ കേട്ടപ്പോൾ "കഷ്ടം! ഉണ്ണി—അതായതു ശക്തൻ തമ്പുരാൻ—ഉണ്ടായിരുന്നെങ്കിൽ ഇങ്ങനെ ഒരു സംഭവം ന

ടക്കമായിരുന്നോ! രാജകുടുംബത്തിനു അപമാനം വരുത്തിയ ആ നീചന്മാരുടെ വംശവിച്ഛേദം വരുത്താതെ ഉണ്ണി അടങ്ങുമൊ?" എന്നു കണ്ണുനീർ തൂകിക്കൊണ്ടു പറഞ്ഞു. ഈ വൃത്താന്തം എങ്ങനെയോ വലിയച്ഛന്റെ ചെവിയിലെത്തി. അദ്ദേഹം കോപാക്രാന്തനായി, ഉടനെ തൃപ്പൂണിത്തുറെച്ചെന്നു തമ്പുരാനെക്കണ്ടു്, "തിരുമേനിയെ അപമാനിച്ച ആ രാജദ്രോഹിയുടെ തല അറുത്തു തിരുമുമ്പാകെ കാഴ്ചവച്ചല്ലാതെ അടിയൻ അടങ്ങിയിരിക്കുന്നതല്ല" എന്നു ശപഥം ചെയ്തുകൊണ്ടാണു് അദ്ദേഹം അവിടുന്നു തിരിച്ചതു്".

അനന്തരം അദ്ദേഹം ഒരു സന്യാസിയുടെ വേഷം ധരിച്ചു് ഏതാനും ശിഷ്യരോടുകൂടി മുള്ളക്കരെച്ചെന്നു് ഒരു ആൽത്തറയ്ക്കലിരുന്നു. ശിഷ്യരുടെ സാമർത്ഥ്യത്താൽ അദ്ദേഹം ഒരു വിശിഷ്ടനായ യോഗിയാണെന്നു ആ ദിക്കുകാർ ധരിക്കുവാൻ ഇടയായി. ദിവസേന പലരും അദ്ദേഹത്തെ വന്നു കണ്ടു് അനുഗ്രഹം വാങ്ങി കൃതാർത്ഥത നേടി. അക്കൂട്ടത്തിൽ മനക്കോട്ടച്ചന്റെ പരിചാരകന്മാരുമുണ്ടായിരുന്നു. സന്യാസിയുടെ ആവശ്യങ്ങളെല്ലാം നിവർത്തിച്ചു കൊടുക്കണമെന്നു അവർക്കു് മനക്കോട്ടച്ചന്റെ പ്രത്യേക കല്പനയുമുണ്ടായിരുന്നു. സ്വല്പ ദിവസങ്ങൾക്കുള്ളിൽ സന്യാസി ആ പരിചാരകന്മാരെ പണം കൊടുത്തു സ്വാധീനപ്പെടുത്തി. ഒരിക്കൽ അച്ഛന്റെ അപേക്ഷപ്രകാരം സന്യാസി അദ്ദേഹത്തിന്റെ വാസസ്ഥലത്തു് ചെന്നു. സന്യാസിയുടെ വാഗ്വൈഭവവും നാനാവിഷയങ്ങളിലുള്ള പരിജ്ഞാനവും അച്ഛനെ അത്ഭുതപരതന്ത്രനാക്കി. അച്ഛന്റെ അപേക്ഷപ്രകാരം അന്നു രാത്രി അദ്ദേഹം അവിടെത്തന്നെയാണു് കിടന്നതു്. അച്ഛൻ ഇന്നമുറിയിലാണു് കിടക്കുന്നതെന്നും, ഒരു വാൾ അടുക്കെ വച്ചുകൊണ്ടാണു് കിടക്കുക എന്നും സന്യാസി പരിചാരകന്മാരിൽനിന്നു മനസ്സിലാക്കിയിരുന്നു.

എല്ലാവരും ഗാഢനിദ്രയെ പ്രാപിച്ചുവെന്നു് അറിഞ്ഞപ്പോൾ സന്യാസി, അച്ചൻ കിടക്കുന്ന മുറിയിൽ ചെന്നു വാളെടുത്തു അച്ചന്റെ കഴുത്തറുത്തു തല ഒരു മുണ്ടിൽ പൊതിഞ്ഞു് അനുചരന്മാരോടുകൂടി പെട്ടെന്നു അവിടം വിട്ടുപോയി. താമസിയാതെ പാലിയത്തച്ചൻ തൃപ്പൂണിത്തുറ ചെന്നു മനക്കോട്ടച്ചന്റെ തല തിരുമുമ്പാകെ കാഴ്ച വച്ചപ്പോൾ തമ്പുരാൻ സന്തോഷിച്ചു്, മുള്ളൂക്കര മുഴുവൻ കൈവശപ്പെടുത്തുവാൻ അച്ചനു അനുവാദം കൊടുത്തു. ഉടനെ അച്ചൻ സൈന്യസമേതം മുള്ളൂക്കരക്കു പുറപ്പെട്ടു. അവിടെ വച്ചുണ്ടായ യുദ്ധത്തിൽ മനക്കോട്ടെ മൂന്നച്ചന്മാർ കൊല്ലപ്പെട്ടു. ബാക്കിയുള്ളവർ കീഴടങ്ങുകയും ചെയ്തു. ഇപ്രകാരം മുള്ളൂക്കരദേശം മുഴുവൻ പാലിയത്തെക്കു ഒതുങ്ങി. മന്ത്രവാദികളായ ഈ അച്ചന്മാരുടെ പ്രേതങ്ങളിൽനിന്നു് ഉപദ്രവം നേരിടാതിരിപ്പാൻ അവരുടെ വിഗ്രഹങ്ങൾ പ്രതിഷ്ഠിച്ചു് കൊല്ലന്തോറും ചില കർമ്മങ്ങൾ ഇന്നും നടത്തി വരുന്നുണ്ടു്. *

മേൽപ്പറഞ്ഞ സംഗതിയായിരിക്കണം പാലിയത്തച്ചനെ മന്ത്രിയാക്കുവാൻ തമ്പുരാനെ പ്രേരിപ്പിച്ചതു്. ഈ നിയമനത്തെ റസിഡണ്ടു് അനുകൂലിച്ചതേയുള്ളു. അതിനാൽ കുഞ്ഞികൃഷ്ണമേനോൻ ഭഗ്നാശയനായി. എങ്കിലും അയാൾ പ്രതിക്രിയക്കുള്ള അവസരത്തെ നോക്കിക്കൊണ്ടുതന്നെയിരുന്നു. രാജ്യഭരണകാ

---

* മാന്ത്രികന്മാരായ മനക്കോട്ടച്ചന്മാർ ശത്രുകുടുംബമായ പാലിയം നശിക്കുന്നതിന്നു് ഒരു ഹോമം തുടങ്ങിയെന്നും ഹോമം അവസാനിക്കുന്നതിനു മുമ്പു് പാലിയത്തച്ചൻ മനക്കോട്ടച്ചന്മാരെ, ഇപ്പോൾ കൊലപ്പറമ്പ് എന്നു പറഞ്ഞു വരുന്ന സ്ഥലത്തു വച്ചു് വെടിവെച്ചു കൊല്ലുകയാണുണ്ടായതെന്നും വേറെ പ്രകാരത്തിൽ പറഞ്ഞു കേൾക്കുന്നുണ്ടു്.

ത്തുങ്ങളിൽ എടപെടുവാൻ തമ്പുരാനു മനസ്സോ ശേഷിയോ ഇല്ലാതിരുന്നതിനാൽ അച്ചൻെറ അധികാരം ക്രമേണ വർദ്ധിക്കുകയും തമ്പുരാൻ നാമമാത്രം രാജാവായിബ്ഭവിക്കുകയും ചെയ്തു. അച്ചൻെറ അധികാരശക്തി ഒന്നുകൂടി വർദ്ധിപ്പിക്കുന്നതിന്നായി വെളുത്തവിടളവ ഒരു സംഘം പട്ടാളത്തെ തൃപ്പൂണിത്തുറെ കോവിലകത്തു പാൎപ്പിച്ചു.

അച്ചൻ അതിസമൎത്ഥനായ മന്ത്രിയാണെന്നു മെക്കോളെയ്ക്കു തന്നെ അവിടുന്ന ബോദ്ധ്യമായി. എന്നാൽ അച്ചൻെറ ചില പ്രവൃത്തികൾ റസിഡെണ്ടിന്നു നീരസഹേതുവായിത്തീൎന്നു. പത്തുഹിംസ ചെയ്യുന്നവരെ, അവർ ബ്രിട്ടീഷു പ്രജകളായാലും, അക്കാലത്തെ നിയമമനുസരിച്ചു് അച്ചൻ അതികഠിനമായി ശിക്ഷിച്ചുവന്നു. കൊച്ചിയിൽ കാൎയ്യവിചാരം ചെയ്യുന്ന പ്ലവർ സായ്പു അച്ചനു അയച്ച ഒരെഴുത്തിൽ ‡ "പത്തുവിൻെറ കാൎയ്യത്തിൽ പിടിച്ചു പാൎപ്പിച്ച തടവുകാർ ആശാരിപറമ്പിൽ പാലി, പുളിക്കൽ പറമ്പിൽ ചാക്കൊ വറിസ്തു, വട്ടതലക്കാരൻ തോമാസു വിത്തി ഇവരെ ഇവിടെക്കൊണ്ടുവന്നു കണ്ടാറെ ഇതുനാളും ഇവരെ ചെയ്ത വധവും അധിക്രമങ്ങളും എത്രയും സാമാന്യമായിട്ടുള്ളതാനു." എന്നു എഴുതിക്കാണുന്നു. ഇതിനുപുറമെ റസിഡണ്ടു മതപ്രചരണാൎത്ഥം അയച്ചിരുന്ന ചില ക്രിസ്ത്യൻ പാതിരിമാരെ തലസ്ഥാനത്തു വച്ചു പ്രസംഗം ചെയ്വാൻ അച്ചൻ അനുമതി കൊടുത്തില്ല. അച്ചൻെറ പ്രാബല്യവും ജനസ്വാധീനതയും ഓൎത്തു മെക്കോളെ മൌനം ദീക്ഷിച്ചതേയുള്ളു. എന്നാൽ അച്ചൻെറ അധികാരം ബലപ്പെടുത്തുന്ന കാൎയ്യത്തിൽ അച്ചന്നു അതിബലവാന്മാരായ ചില ശത്രുക്കളുണ്ടായിരുന്നു. അവരിൽ പ്രധാനന്മാർ തീപ്പെട്ട വലിയതമ്പുരാൻെറ പ്രധാന മന്ത്രിയായിരുന്ന

‡ Vide Letter No. 10 & History of Cochin by Padmanabha Menon.

രാമൻ മേനവനും അവിടുത്തെ പ്രധാന സേനാനായകനായ ഗോവിന്ദമേനവനും മെക്കാളയുടെ ഉററസ്നേഹിതനും പ്രധാനമന്ത്രിസ്ഥാനലബ്ധിക്കു ലാക്കുനോക്കിയിരുന്ന ആളുമായ ചെറുപറമ്പത്തു കുഞ്ഞുകൃഷ്ണമേനവനും ആയിരുന്നു. കാൎയ്യസാദ്ധ്യത്തിനുവേണ്ടി എന്തും ചെയ്വാൻ മടിയില്ലാത്ത ദുഷ്ടന്മാരായിരുന്നു ഇവർ. അച്ഛൻ പ്രധാനമന്ത്രി ആയിരിക്കുന്നേടത്തോളം കാലം അധികാരതൃഷ്ണയുള്ളവൎക്കു കൊച്ചിരാജ്യത്തു യാതൊരു സ്ഥാനവുമില്ലെന്നു ബോദ്ധ്യമായതിനാൽ അച്ഛനെ അകററുന്നതിന്നു അവർ പല കുതന്ത്രങ്ങളും പ്രയോഗിച്ചു. ഈ തരുണത്തിലാണു അച്ഛനും വേലുത്തമ്പിയുമായി ആലപ്പുഴെ വെച്ചു ഒരു കൂടിക്കാഴ്ചയുണ്ടായതു്.

ഈ സന്ദൎഭത്തിൽ വേലുത്തമ്പിയെപ്പററി അല്പം പറയേണ്ടിയിരിക്കുന്നു. തമ്പി അതിസമൎത്ഥനും സത്യസന്ധനും കൃത്യനിഷ്ഠയുള്ളവനുമാണെന്നു മെക്കാളെതന്നെ സമ്മതിച്ചിട്ടുള്ളതാണു്. എന്നാൽ താമസിയാതെ ഈ അഭിപ്രായത്തിനു ഇളക്കംവന്നു. ശ്രീരംഗത്തുവെച്ചു് ബ്രിട്ടീഷുമായിട്ടുണ്ടായിരുന്ന ഉടമ്പടി ഒന്നു പുതുക്കി. അതുപ്രകാരം തിരുവിതാംകൂർ കൊടുക്കേണ്ടുന്ന കപ്പം നാലു ലക്ഷമായി വൎദ്ധിച്ചു. പഴയ ഉടമ്പടിപ്രകാരമുള്ള കപ്പം കൊടുപ്പാൻതന്നെ രാജ്യത്തിന്റെ ധനസ്ഥിതി അനുവദിച്ചിരുന്നില്ല. കപ്പം ഇരട്ടിപ്പിച്ചപ്പോഴത്തെ കഥ പറവാനുണ്ടോ? കപ്പം നാലു തവണയായി തീൎപ്പാൻ അനുവദിക്കണമെന്നുള്ള തമ്പിയുടെ അപേക്ഷയെ മദ്രാസ് ഗവൎമ്മെണ്ടു് കൈക്കൊണ്ടില്ല. വേലുത്തമ്പി കപ്പം അടക്കുന്നതിനുവേണ്ട പണമുണ്ടാക്കുവാനുള്ള സകല ശ്രമങ്ങളും ചെയ്തു. ഒരു ധനികനായ മാത്തുത്തരകൻ വളരെക്കാലമായി സൎക്കാരിലേക്കുള്ള കരം അടച്ചിരുന്നില്ല. കുടിശ്ശിക ഉടനെ തീൎക്കണമെന്നും, അല്ലെങ്കിൽ അയാളുടെ വസ്തുക്കളെല്ലാം സൎക്കാരിലേക്കു് കണ്ടുകെട്ടുന്നതാണെന്നും തമ്പി അയാൾക്കു്

ഒരു കല്പന അയച്ചു. പക്ഷെ തരകന്റെ അപേക്ഷപ്രകാരം ആ കല്പന പിൻവലിക്കണമെന്നു റസിഡണ്ടു് തമ്പിയോടു് ആവശ്യപ്പെട്ടു. കപ്പപ്പണം അടക്കുവാൻ റസിഡണ്ടിന്റെ നിർബ്ബന്ധവും തുടങ്ങി. തമ്പി കുഴക്കത്തിലായി. ഒരിക്കൽ സത്യസന്ധനും കൃത്യനിഷ്ഠനുമായിരുന്ന തമ്പി ഇപ്പോൾ മെക്കാളയുടെ ദൃഷ്ടിയിൽ വക്രോക്തിക്കാരനും നുണയനും കൊള്ളക്കാരനുമായിത്തീർന്നു. മെക്കാളയുടെ, 'ചെവിക്കു പുത്തരി'യായിട്ടുള്ള ഈ വകദുസ്സഹ വാക്കുകൾ കേട്ടും അദ്ദേഹത്തിന്റെ അക്രമ പ്രവൃത്തികൾ സഹിച്ചും ഇനി അടങ്ങിയിരിക്കുന്നതല്ലെന്നു വേലുത്തമ്പിയും ഉറച്ചു. തന്റേയും തന്റെ മാതൃഭൂമിയുടേയും പരമശത്രുവാണെന്നു താൻ പൂർണ്ണമായി വിശ്വസിച്ച മെക്കാളെയെ അപായപ്പെടുത്തുകയും ഇംഗ്ലീഷുകാരെ രാജ്യത്തിൽനിന്നു ഓടിക്കുകയും ചെയ്യണമെന്നും തമ്പി നിശ്ചയിച്ചു. ഇക്കാര്യത്തിൽ പാലിയത്തച്ചന്റെ സഹായം ലഭിക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടിയാണു് തമ്പി അദ്ദേഹത്തെ ആളെ അയച്ചു വരുത്തിയതു്.

അച്ചനുമായിട്ടുണ്ടായ കൂടിക്കാഴ്ചയിൽ തമ്പി താഴെ പറയുന്ന സംഗതികൾ അച്ചന്റെ ശ്രദ്ധയിൽ കൊണ്ടുവന്നു. കൊച്ചിയും തിരുവിതാംകൂറും ക്രിസ്ത്യൻ രാജ്യങ്ങളാക്കണമെന്നാണു് മെക്കാള സായ്പിന്റെ ഉദ്ദേശം. സായ്പിന്റെ ഉത്സാഹത്തിന്മേൽ ക്രിസ്ത്യാനിമതം തിരുവിതാംകൂറിലും കൊച്ചിയിലും പ്രചാരപ്പെടുത്തുന്നതിനു് പാതിരിമാരെ വരുത്തി രണ്ടു രാജ്യത്തും പാർപ്പിച്ചു. അവർ വഴി വളരെപേർ ക്രിസ്ത്യാനികളായിത്തീർന്നു. മതത്തെ സംബന്ധിച്ചേടത്തോളം നിഷ്പക്ഷനില കൈക്കൊള്ളേണ്ട അധികാരികൾ ഇപ്രകാരം പ്രവർത്തിച്ചാലത്തെ ഫലം എന്തായിരിക്കുമെന്നു പറയേണ്ടതില്ലല്ലൊ. ഏതുവന്നാലും സ്വമതരക്ഷ ചെയ്യുവാൻ എല്ലാവർക്കും ബാദ്ധ്യതയുണ്ടെന്നും അതിനാൽ ക്രിസ്തുമത പ്രചാരത്തെ തടയുന്നതിനു താൻ ബ്രിട്ടീഷുകാരോടു പട

രെട്ടുവഴി തീച്ചയാക്കിയിരിക്കുന്നുവെന്നും, അതിൽതന്നെ എല്ലാ പ്രകാരത്തിലും സഹായിക്കണമെന്നും തമ്പി അച്ചനെ അറിയിച്ചു. കൊച്ചിയിലുണ്ടായിരുന്ന ലന്തക്കോട്ട ചുട്ടു പൊടിക്കുകയും അവിടെ അനാവധി നാശങ്ങൾ വരുത്തുകയും ചെയ്തതിൽതന്നെ അച്ചനും ഇംഗ്ലിഷുകാരോടു ഈൎഷ്യയുണ്ടായിരുന്നു. തമ്പിയുടെ വാക്കുകൾ കേട്ടപ്പോൾ അദ്ദേഹത്തിന്നുവേണ്ട സഹായങ്ങളെല്ലാം ചെയ്യാമെന്നു അച്ചൻ ഏറ്റു. ഈ അവസരത്തിലാണ് അച്ചനു തമ്പുരാന്റെ ഒരെഴുത്തു കിട്ടിയത്. എഴുത്തു ഇപ്രകാരമായിരുന്നു.

"കൎണ്ണൽ മെക്കാളിസായ്പു് തൃപ്പൂണിത്തുറെവന്നു കണ്ടതിന്റെശേഷം പറഞ്ഞ വൎത്തമാനത്തിന്നു ഒന്നു എഴുതി അയച്ചിട്ടുണ്ടല്ലോ. രണ്ടാമതു് പാലിയത്തു മേനോൻ കുമ്പഞ്ഞിക്കുംഞങ്ങൾക്കു വിരോധമായി തുടങ്ങിയിരിക്കുന്നുവെന്നു നിശ്ചയമുണ്ടെന്നും ആയതിന്റെ അവസ്ഥപോലെ അനുഭവിക്കുമെന്നും ഒന്നു് എഴുതി കൊടുത്തയക്ക ഉണ്ടായി. എന്തൊരു കാൎയ്യംകൊണ്ടു് ഇപ്രകാരം ബോധിച്ചിരിന്നു എന്നു് അറിയേണ്ടതിന്നു എഴുതി അയച്ചാറെ മറുവടി ഒന്നും എഴുതി വന്നതുമില്ല. മൂന്നാമതു് മുമ്പിൽ നമ്മുടെ രാജ്യം നെടിയിരിപ്പിൽ സ്വരൂപംവന്നു ആക്രമിച്ചതിന്റെ ശേഷം തൃപ്പാപ്പിസ്വരൂപത്തിങ്കൽനിന്നും ൻ്റങ്ങൾ പുരുഷാരം ചിലവിട്ടു് ഒഴിപ്പിച്ചു് അന്നു മുതൽക്കു നമ്മുടെ അധീനത്തിൽ അവിടെ നിന്നും ഏതാനും ആളുകളെക്കൂടെ ആക്കിയിരുന്നവരെ ഇപ്പോൾ കൎണ്ണൽ മെക്കാളി സായ്പു് എഴുതിക്കൊടുത്തയച്ചു ഒഴിപ്പിക്കയും ചെയ്തു. നാലാമതു് കൊച്ചിയിൽ രണ്ടുമൂന്നു കുമ്പഞ്ഞി ആളുകളെ വരുത്തി പാൎപ്പിച്ചുകൊണ്ടു് ചില കാൎയ്യങ്ങൾ പറയേണ്ടതിന്നു ഗൊവൎണ്ണമേണ്ടിലെ കല്പന വന്നിട്ടുണ്ടെന്നും അതിന്നു കൊച്ചിക്കു ചെല്ലണമെന്നും എഴുതിവന്നു. നമ്മുടെ കാൎയ്യം വിചാരിക്കുന്ന ആളുകൾ നന്നല്ലെന്നും തൃപ്പാപ്പി സ്വരൂപത്തിങ്കൽനിന്നും നാല്പതുനാല്പത്തഞ്ചു സംവത്സരമായിട്ടു് നമ്മുടെ പൂൎവ്വന്മാർ ഉള്ള

35919

കൂപ്പാരംതന്നെ നിർത്തി വന്ന ആളുകളെ മാററിക്കയും ചെയ്തു് ആയുധക്കാരെയും അടുക്കൽ വരുത്തി പാർപ്പിച്ചുംകൊണ്ടു് നാം അങ്ങോട്ടു ചെല്ലണമെന്നു് എഴുതിക്കൊടുത്തയച്ചതു് വേണ്ടുംവണ്ണം ആയിട്ടുള്ള വഴിയല്ലെന്നു ബോധിക്കകൊണ്ടു് നാം പോയതുമില്ല. നാം ബഹുമാനപ്പെട്ട കമ്പഞ്ഞിക്കു കപ്പപ്പണവും കൊടുത്തശേഷം ഉള്ളതുകൊണ്ടു് ചിലവും കഴിച്ചു് സ്വസ്ഥമായിട്ടു പാർക്കണമെന്നേ വിചാരിച്ചിട്ടുള്ളു. അല്ലാതെ നാമെങ്കിലും നമ്മുടെ ആളുകൾ എങ്കിലും കമ്പഞ്ഞിയോടു് ഒരു ദ്രോഹം ചെയ്യണമെന്നു് മനസ്സിൽ വിചാരിച്ചിട്ടും കൂടിയില്ല. അങ്ങനെ ഇരിക്കുമ്പോൾ കണ്ണൽ മെക്കോളി സായ്വ് ഇതിൻവണ്ണം തുടങ്ങിയിരിക്കകൊണ്ടു്, കണ്ണൽ മെക്കോളി സായ്വിൻെറ അടുക്കൽ ചെന്നു് ഒരു കാര്യം പറയുക സങ്കടമായിട്ടുള്ളതത്രെ ആകുന്നു....

മേൽക്കാണിച്ച എഴുത്തിൽനിന്നു് തമ്പുരാനെ ബന്ധനസ്ഥനാക്കണമെന്നുള്ള ഉദ്ദേശം മെക്കോളെക്കുള്ളതായി കാണുന്നു. ഏതു വിധമായാലും ഈ എഴുത്തു് അച്ചനെ കോപാന്ധനാക്കിത്തീർത്തു. ഇംഗ്ലീഷുകാരോടു് യുദ്ധത്തിന്നു പുറപ്പെടേണ്ട കാര്യത്തിൽ അച്ചനു വല്ല സംശയവും ഉള്ളിൽ ഉണ്ടായിരുന്നെങ്കിൽ അതെല്ലാം ഇതോടുകൂടി നശിച്ചു. ഉടനെ അച്ചൻ ദളവായുടെ രണ്ടുദ്യോഗസ്ഥന്മാരോടും 600 ഭടജനങ്ങളോടുംകൂടി കൊച്ചിയിലെത്തി. ഇതിനെല്ലാം കാരണക്കാരെന്നു മനസ്സിലാക്കിയ രാമമേനോനെയും ഗോവിന്ദമേനോനെയും കൊടുങ്ങല്ലൂർകായലിൽ കെട്ടിത്താഴ്ത്തി. ചെറുപറമ്പത്തു കുഞ്ഞുകൃഷ്ണമേനോൻ മെക്കോളെയെ ശരണം പ്രാപിച്ചതിനാൽ രക്ഷപ്പെട്ടു. കുഞ്ഞുകൃഷ്ണമേനോനെ വിട്ടുകിട്ടണമെന്നു് അച്ചൻ സായ്വിനോടാവശ്യപ്പെട്ടു, സായ്വ് വിട്ടുകൊടുക്കുകയില്ലെന്നു് പറഞ്ഞു. ഇതുനിമിത്തം അച്ചനു സായ്വിനോടുള്ള ഈർഷ്യ വർദ്ധിച്ചു. രണ്ടു മന്ത്രിമാരും

ഇംഗ്ലീഷുകാരെ എതിൎക്കുന്നതിന്നുവേണ്ട സൈന്യം ശേഖരിക്കുവാൻ ആരംഭിച്ചു. തമ്പുരാനെ വെള്ളാരപ്പിള്ളി കോവിലകത്തു കൊണ്ടുപോയി താമസിപ്പിച്ചു.

ഈ സമയത്ത് ഇംഗ്ലീഷുകാരുടെ നേരെ യുദ്ധത്തിനായി ഒരു വലിയ ഫ്രഞ്ചുപട്ടാളം മലയാളക്കരയിൽ വന്നെത്തുമെന്ന് അച്ചനു അറിവുകിട്ടി. 1808 നവമ്പറിൽ മൂന്നു ആൎമ്മേനിയന്മാർ പാലിയത്തച്ചനെക്കണ്ട് തങ്ങൾ ഫ്രഞ്ചുകാരുടെ ദൂതന്മാരാണെന്നും ഫ്രഞ്ചുസൈന്യം ജനവരി മദ്ധ്യത്തിൽ എത്തുമെന്നും പറഞ്ഞു. അതിന്നു മുമ്പായി ഇംഗ്ലീഷുകാരെ ഇവിടുന്നു ഓടിച്ചാൽ അവരെ കടത്താതെ ഇരിക്കുന്നതിന്നു ഫ്രഞ്ചുകാരുടെ സഹായമുണ്ടാകുമെന്നുള്ളതുകൊണ്ട് ഫ്രഞ്ചുകാർ വന്നെത്തുന്നതിനുമുമ്പ് ലഹള ആരംഭിക്കണമെന്ന് അച്ചൻ നിശ്ചയിച്ചു. പിന്നീടുണ്ടായ യുദ്ധത്തെ ചരിത്രകാരൻ ഇപ്രകാരം വൎണ്ണിക്കുന്നു.

1808 ഡിസമ്പർമാസം 29-ാംനു അച്ചന്റെ സൈന്യം റസിഡണ്ടു താമസിച്ചിരുന്ന ബങ്കളാവു വളഞ്ഞു വെടി തുടങ്ങി. പുറത്തുനിന്നുണ്ടാകുന്ന ആരവം കേട്ട് മെക്കാളെ സായ്പ് ജനൽവാതൽ തുറന്നു നോക്കിയപ്പോൾ ബങ്കളാവു ചുററി ശത്രുസൈന്യം നില്ക്കുന്നതും, തുറന്നു കാണുന്ന പഴുതിൽക്കൂടെ ഇടവിടാതെ വെടിവെക്കുന്നതും കണ്ടു പരിഭ്രമിച്ചു. രക്ഷക്കുള്ള വഴി നോക്കി. തന്റെ കീഴിലുണ്ടായിരുന്ന ഒരു പോൎട്ടുഗീസ് ഗുമസ്തന്റെ സഹായത്താൽ താഴത്ത് ഒരു കല്ലറയിൽ കടന്ന് ഒളിച്ചു. സാധാരണ ചുമരിൽനിന്ന് ആ മുറിയുടെ വാതൽ തിരിച്ചറിവാൻ പാടില്ലാതിരുന്നതിനാൽ ശത്രുക്കൾക്കു സായ്പിനെ കണ്ടുകിട്ടുവാൻ സാധിച്ചില്ല. ബങ്കളാവിന്റെ രക്ഷക്ക് കുറച്ചു ഭടന്മാർ മാത്രമുണ്ടായിരുന്നതുകൊണ്ട് ശത്രുക്കൾക്കു അവരെ ജയിച്ചു അകത്തു കടക്കുവാൻ പ്രയാസമുണ്ടായിരുന്നി

ല്ല. അവർ അകത്തു കടന്നു വളരെ നാശങ്ങളും ചെയ്തു. അവിടെ ഉണ്ടായിരുന്ന റിക്കാർട്ടുകളും മുഴുവൻ തീയ്യിട്ടു. ജയിൽ തുറന്നു തടവുകാരെ പുറത്തിറക്കി ബന്ധനത്തിൽനിന്നു വിട്ടയച്ചു. റസിഡെണ്ടു സായ്പിനെ പിടിക്കുന്നതിന്നു വേണ്ടുന്ന ശ്രമങ്ങളെല്ലാം ചെയ്തുവെങ്കിലും അദ്ദേഹത്തെ കണ്ടുകിട്ടിയില്ല. മലബാറിൽനിന്നും റസിഡണ്ടിന്റെ രക്ഷക്കു വേണ്ടി അയക്കപ്പെട്ടു കുറെ സൈന്യങ്ങളെകൊണ്ടുവന്ന ഒരു കപ്പൽ തുറമുഖത്തു കിടന്നിരുന്നതിലേക്കു് സായ്പു് ഒരുവിധം ഓടിപ്പോയി. മട്ടാഞ്ചെരിയിൽ താമസിച്ചിരുന്ന ചെറുപറമ്പത്തു കുഞ്ഞികൃഷ്ണമേനോനും ഒരുവിധംഒളിച്ചുമാറി കപ്പലിൽ റെസിഡണ്ടിന്റെ കൂടെ ചേന്നു.

യുദ്ധം 1809ഫെബ്രുവരി 10_ാംനു-വരെ നിലനിന്നു. ഈ യുദ്ധത്തിന്നിടക്കു് പല അനിഷ്ട സംഭവങ്ങളുമുണ്ടായി. അച്ചൻ ക്രിസ്ത്യാനികളുടെ വിരോധിയായിരുന്നില്ല. അതിനാൽ തന്റെ ഭടന്മാരിൽചിലർ ചില ക്രിസ്ത്യാനി ഭവനങ്ങളും ഒരു പള്ളിയും കൊള്ളചെയ്തുവെന്നു് കേട്ടപ്പോൾ അദ്ദേഹം അമ്പതുപേരെ പരസ്യമായി കൊരടാവുകൊണ്ടു് അടിപ്പിക്കുകയും കൊള്ളചെയ്ത സാധനങ്ങളെ മടക്കി കൊടുപ്പിക്കുകയുംചെയ്തു. ഇതു മററു ഭടന്മാരുടെ ഇടയിൽ ഒരിളക്കമുണ്ടാക്കി. 500 ഭടന്മാരുൾപ്പെട്ട ഒരു തിരുവിതാങ്കൂർപട്ടാളം ലഹളക്കൊരുമ്പെടുകയും പല നാശങ്ങളും വരുത്തുകയുംചെയ്തു. എന്നാൽ അച്ചൻ ക്രിസ്ത്യാനികളുടേയും അവരുടെ പള്ളിയുടേയും രക്ഷക്കായി പ്രത്യേകം ഒരു സൈന്യ വിഭാഗത്തെ നിർത്തി.

ഇതിന്നു പുറമെ വേറെ ഒരു നിന്ദ്യമായ സംഭവം കൂടി നടന്നു. ജനവരി 30_ാംനു- കൊല്ലത്തുനിന്നു പന്ത്രണ്ടു വെള്ളപ്പട്ടാളക്കാരും 33 ശിപായികളും ആലപ്പുഴ എറങ്ങിയപ്പോൾ അവിടെ ഉണ്ടായിരുന്ന ആളുകൾ അവരെ പിടിച്ചു് എതാ

ന്റ. ആളുകളുടെ കണ്ണുകൾ കുത്തിയും കൈകാലുകൾ പിന്നോക്കം പിടിച്ചുകെട്ടിയും മററും പല പ്രകാരത്തിലുള്ള ദേഹദണ്ഡം അനുഭവിപ്പിച്ചതിന്റെ ശേഷം അവരെ ചാക്കുകളിലിട്ടു മുറുക്കിക്കെട്ടി പള്ളാരുരുത്തി ആററിൽതാഴ്ത്തി. സ്ത്രീകൾ ഉൾപ്പെടെയുള്ള ബാക്കിയുള്ളവരെ അവർ തടവുകാരാക്കി കൊച്ചിയിൽ കൊണ്ടുവന്നു. അവരിൽനിന്നു് അച്ഛൻ വൎത്തമാനം മുഴുവൻ മനസ്സിലാക്കുകയും ഇതിനെ സംബന്ധിച്ച് തമ്പിക്കെഴുതുകയും ചെയ്തു. തമ്പി അവരെ കഠിനമായി ശിക്ഷിപ്പാൻ കല്പന കൊടുത്തുവെങ്കിലും യുദ്ധം പൂൎവ്വാധികം ഊൎജ്ജിതമായി നടത്തണമെന്നു് അച്ഛനെ അറിയിച്ചു. എന്നാൽ ദളവ ഒരു ആലോചനയില്ലാത്ത പ്രവൃത്തി ചെയ്തുവെന്നു സമ്മതിക്കാതെ തരമില്ല. കൊച്ചിയും തിരുവിതാംകൂറും യുദ്ധത്തിന്നു ഒരുങ്ങിയിരിക്കുന്നുവെന്നും ഇക്കാൎയ്യത്തിൽ സാമൂതിരിയുടെ സഹായമുണ്ടായിരിക്കണമെന്നും ദളവ അദ്ദേഹത്തിന്നു് എഴുതി. കൊച്ചിയുടേയും തിരുവിതാംകൂറിന്റേയും പരമ ശത്രുവായ സാമൂതിരി ആ രാജ്യങ്ങളോടുപകരം ചോദിക്കുവാൻ ഇതുതന്നെ അവസരമെന്നു കരുതി ആ എഴുത്ത് ഇംഗ്ലീഷിൽ തൎജ്ജിമചെയ്തു് മദ്രാസ് ഗവൎമ്മേണ്ടിലേക്കു് അയച്ചു.

എഴുത്തു കിട്ടിയ ഉടനെ മദിരാശി ഗവൎമ്മേണ്ടു് അതിന്നു തക്കതായ ഒരു സൈന്യത്തെ അയച്ച് യുദ്ധം ജാഗ്രതയോടെ നടത്തുന്നതിന്നു വേണ്ട ഏൎപ്പാടു ചെയ്തു. മലബാർ, മൈസൂർ മുതലായ ദിക്കുകളിൽനിന്നു ബ്രിട്ടീഷ്കാരുടെ സഹായത്തിന്നു പട്ടാളങ്ങൾ വരവുതുടങ്ങി. മലബാറിൽനിന്നു വരുന്ന സൈന്യത്തെ എതിൎക്കുന്നതായാൽ, കൊച്ചിരാജ്യത്തെ ബ്രിട്ടീഷിലേക്കു അടക്കുവാൻ സ്വകാൎയ്യ കല്പനയുണ്ടായിരുന്നുവത്രെ. ഈ ഇടയ്ക്കു് ബ്രിട്ടീഷ് ഗവൎമ്മേണ്ടു് കൊച്ചി രാജ്യനിവാസികളെ അറിയിക്കുന്ന ഒരു വിളംബരത്തിൽ കീഴടങ്ങുന്നവൎക്കു

ച്ചുകൂടുന്ന രക്ഷ ചെയ്യുന്നതാണെന്നു പറഞ്ഞിരുന്നു. വേലുത്തമ്പി ഉദ്ദേശിച്ചിരുന്ന പ്രകാരമുള്ള സൈന്യങ്ങളൊന്നും വന്നുചേൎന്നില്ലെന്നും യുദ്ധം തുടരുന്നതിന്നു മതിയായ സേനാബലം തനിക്കില്ലെന്നും കാണുകയാൽ കൊച്ചിരാജാവിനോ, രാജ്യത്തെക്കൊ, സ്വകുഡുംബത്തെക്കൊ യാതൊരു ദോഷവും വരുത്തുകയില്ലെന്നു ഉറപ്പു തരുന്ന പക്ഷം താൻ ആയുധം താഴെ വെക്കാമെന്നു അച്ചൻ കൎണ്ണൽ മെക്കാളെമൂലം ഗവൎമ്മെണ്ടിനെ അറിയിച്ചു, അതിന്നു ലഭിച്ച മറുപടിക്കത്തിന്റെ പകൎപ്പു താഴെ ചേൎക്കുന്നു.

കൊച്ചിരാജാവവൎകളുടെ മന്ത്രിയാകുന്ന പാലിയത്തച്ചൻ ഇന്നത്തെ തിയ്യതിയിൽ ഒപ്പിട്ട മുദ്രകുത്തി കൊടുത്തയച്ച ആധാരക്കടലാസ് തിരുവിതാംകോട്ട റെസിഡെന്തി കയ്പറ്റുകയും ചെയ്തു. ആയതുടൻതന്നെ ഗൊവൎണ്മെണ്ടിലേക്കു കൊടുത്തയക്കുകയും ചെയ്തു.

ആയാധാരം മുഖാന്തരത്താൽ ഇതിന്നുമുമ്പ് നടന്നുവരുന്ന ഉടമ്പടിപ്രകാരം രാജാവിന്നും, അവിടെക്കുള്ള സ്ഥാനമാനാവകാശങ്ങൾക്കും തിട്ടമായിട്ടുള്ള കുമ്പിഞ്ഞി ആശ്രയവും പാലിയത്തച്ചന്നും അവിടത്തെ കുഡുംബക്കാൎക്കും വസ്തുക്കൾക്കും ആശ്രയം കൊടുത്തിരിക്കുന്നുവെന്നും ഗൊവൎണ്മെണ്ടിലെപ്പെക്ക് തിരുവിതാംകോട്ട് റെസിഡെന്തി വീണ്ടും ഇതിന്നു തിട്ടമായിട്ടുള്ള ഉറപ്പു കൊടുക്കുന്നു. കൊച്ചിരാജാവിന്റെ കുടികളുടെ നേരെയും അവരുടെ ബന്ധുക്കളോടും ഉപദ്രവം ഉണ്ടാക്കരുതെന്നും ആ നാട്ടിലുള്ള ക്ഷേത്രങ്ങൾ ആദിയായിട്ടുള്ള ശുദ്ധമുള്ള സ്ഥലങ്ങളും ബഹുമാനിക്കയും സഹായിക്കയും വേണമെന്നും ബ്രിട്ടീഷുരാണുക്കാൎക്കു റെസിഡെന്തി കല്പന എഴുതി അയക്കയും ചെയ്യും. മററുള്ള കാൎയ്യങ്ങൾ ഒക്കയും ബഹുമാനപ്പെട്ട ഗവൎണ്മെണ്ടിലെ പരിപാകമായ ന്യായപ്രമാ

ങ്ങൾപോലെ നിശ്ചയിച്ചുകൊള്ളുകയും ആവാമല്ലൊ. 984-ാമാണ്ട് മകരമാസം 28-ാംനു-”

അച്ചൻെറ നിശ്ചയം വേലുതമ്പിയെ അറിയിച്ചു. ഒരു വിധത്തിലും കീഴടങ്ങുകയില്ലെന്നുള്ള ദൃഢനിശ്ചയത്തോടുകൂടിയ തമ്പിക്ക് ഈ നിശ്ചയം അശേഷം രസിച്ചില്ലെന്നു പറയേണ്ടതില്ലല്ലൊ. അദ്ദേഹം അയച്ച മറുപടിയിൽ ഇങ്ങിനെ പറഞ്ഞിരിക്കുന്നു—“ഇപ്പോഴത്തെ ആലോചനകൊണ്ട് മേൽദോഷങ്ങളായിട്ട് അങ്ങുതന്നെ അനുഭവിപ്പാൻ ഏടവരുമല്ലൊ എന്നുള്ള വിഷാദം മനസ്സിലുള്ളതല്ലാതെ ഇതുകൊണ്ട് ഇവിടെ ഒരു കുറവും വരുമെന്നും തോന്നിയിട്ടില്ല. ഇപ്പോൾ എടുത്തിരിക്കുന്ന വഴി പെരുമ്പടപ്പുരാജ്യം രക്ഷപ്പെടുന്നതിന്നും അങ്ങു ഒരു വൈഷമ്യം കൂടാതെ ഇരിക്കുന്നതിന്നും ആകകൊണ്ടു്, ഇനി ആ കാൎയ്യം ഇവിടെ ഉള്ള ആളുകൾ വിചാരിക്കയും തമ്മിൽ ഗുണദോഷം നിരൂപിക്കയും വേണമെന്നുള്ളതില്ലായ്കകൊണ്ട് ഇവിടം സൂക്ഷിപ്പാനുള്ള വഴി വിചാരിച്ച് ഉറപ്പിച്ചുകൊള്ളുന്നതിന്നു വലിയസൎവ്വാധികാൎയ്യക്കാരൎക്കും സൎവ്വാധികാൎയ്യക്കാരന്മാൎക്കും എഴുതി അയച്ചിരിക്കുന്നു. അത്രേ കാരണമായിട്ടാണല്ലൊ അടിസ്ഥാനം ഇടങ്ങേറുവന്നതു്. ആയതു മറന്നു തസമയത്ത് ഇതിൻവണ്ണം വിചാരിച്ചതിൻെറ അവസ്ഥ ക്രമംകൊണ്ടു ബോധിപ്പാറാകുമെന്നത്രെ എൻെറ ബുദ്ധിയിൽ തോന്നുന്നതു്.” ഇതിന്നുത്തരമായി; കൊച്ചിരാജ്യത്തിൻേറയും രാജാവിൻേറയും, സ്വകുഡുംബത്തിൻേറയും, മാനമാണ് തൻെറ ലക്ഷ്യമെന്നും അതിനെ സംരക്ഷിക്കുന്നതിന്നു താൻ എടുത്ത നടവടി ഉചിതമാണെന്നു ബോദ്ധ്യം വന്നതിനാലത്രെ അപ്രകാരം ചെയ്തതെന്നും എഴുതി.

അച്ചൻ കീഴടങ്ങിയതോടുകൂടി യുദ്ധം അവസാനിച്ചു. ‡ എന്നാൽ അച്ചനെ പ്രധാനമന്ത്രിപദത്തിൽനിന്ന് തൽക്കാലം ഒഴി

‡ See letter No. 2.

ബാക്കിയില്ല. എന്നുതന്നെയല്ല, അച്ചന്റെ അധികാരം ഒന്നു കൂടി വൎദ്ധിപ്പിക്കയാണു് ചെയ്തതു്. എന്തെന്നാൽ കൊച്ചി സേനാധിപനായ മേജർ ഹ്യൂവൊറിന്റെ ഒരു കത്തിൽ, തിരുവിതാംകൂറിൽപ്പെട്ട ആലങ്ങാടും പറവൂരും തൃപ്പൂണിത്തുറെക്കു തെക്കുള്ള ചില പ്രദേശങ്ങളും ബലാൽക്കാരേണ കൈവശപ്പെടുത്തുവാനും, അവയുടെ ആധിപത്യം വഹിക്കുവാനും അച്ചനു അധികാരം നൽകിയതായി മെക്കാളെ കല്പന അയച്ചിട്ടുണ്ടെന്നു കാണുന്നു. വേലുത്തമ്പിയുടെ പേരിലുള്ള വൈരം അദ്ദേഹത്തിന്റെ ആത്മഹത്യക്കു ശേഷവും പ്രത്യക്ഷപ്പെടുത്തിയ മെക്കാളെക്കു് അച്ചന്റെ പേരിൽ ഇങ്ങനെ ആൎദ്രത തോന്നുവാനുള്ള കാരണമെന്താണെന്നു് മനസ്സിലാകുന്നില്ല. എന്നാൽ ഈ സ്ഥിതി വളരെക്കാലം നില നിന്നില്ല. എന്തെന്നാൽ 984 കുംഭം 10_ാംനു- മെക്കാളെ അച്ചനു് എഴുതിയ ഒരെഴുത്തിൽ കൎണ്ണൽ കുപ്പുജിസ്സായ്പു് അവർകളും പട്ടാളവും പെരുമ്പടപ്പു നാട്ടിലേക്കു കടന്നതിന്റെശേഷം കോപ്പുകാർ ഒന്നും കിട്ടുന്നില്ലാത്ത പ്രകാരം പല പ്രാവശ്യവും എഴുതി വരികയും ചെയ്തു' എന്നും "സാമാനങ്ങളുടെ അവസ്ഥകൾ വെട്ടിക്കോട്ടയുടെ വടക്കോട്ടുള്ള ദിക്കിന്റെ അവസ്ഥ നോക്കിയാൽ ഉദാരത (ഉദാസീനത!) കൊണ്ടല്ലാതെ ഒരു പ്രയാസമുള്ള കാൎയ്യമെന്നു തോന്നുന്നതുമില്ല" എന്നും എഴുതിക്കാണുന്നു. മറെറാരെഴുത്തിൽ കാശി മുതലായ ചില പുണ്യസ്ഥലങ്ങൾ സന്ദൎശിപ്പാൻ അച്ചനെ ഉപദേശിച്ചതായും കാണുന്നുണ്ടു്. തന്റെ ബദ്ധശത്രുവായ കുഞ്ഞികൃഷ്ണമേനോന്റെ പ്രേരണനിമിത്തം തന്നെ നാട്ടിൽനിന്നു് അകററണമെന്നു് മെക്കാളെ സായ്പിന്നു് ആഗ്രഹമുള്ളതായി അച്ചൻ എങ്ങനെയോ മനസ്സിലാക്കി. സായ്പു് അങ്ങനെ ചെയ്യുന്നതിന്നു് പ്രത്യേകം കാരണവുമുണ്ടായിരുന്നു. കൊച്ചി രാജാവു് കമ്പനിക്കു കൊടുക്കേണ്ടുന്ന കപ്പപ്പണം വൎദ്ധിപ്പിക്കു

ണരുമെന്നു് സായ്പിനു് അതിയായ താല്പൎയ്യമുണ്ടു്. അച്ചൻ ഇവിടെ ഉള്ള കാലത്തോളം രാജാവു് അതിന്നു വഴിപ്പെടുന്നതല്ലെന്നും അദ്ദേഹത്തിന്നറിയാം. * ഇതിന്നും പുറമെ തന്റെ പ്രാണസുഹൃത്തായ കുഞ്ഞുകൃഷ്ണമേനൊന്നു് താൻ ഉദ്യോഗം ഒഴിഞ്ഞുപോകുന്നതിന്നു മുമ്പു് എന്തെങ്കിലും ഒരു ഗുണം ചെയ്യാൽ കൊള്ളാമെന്നുള്ള ആഗ്രഹവും സായ്പിന്നു് ഇല്ലാതിരുന്നില്ല. അതിനാൽ ഏതു വിധത്തിലെങ്കിലും അച്ചനെ നാട്ടിൽനിന്നു ബഹിഷ്കരിക്കണമെന്നുള്ള കുഞ്ഞുകൃഷ്ണമേനൊന്റെ പ്രേരണക്കു് സായ്പു് വഴിപ്പെട്ടു എന്നു പറഞ്ഞാൽ കഴിഞ്ഞല്ലൊ.

985 ചിങ്ങം 6-ാംനു മദ്ധ്യാഹ്ന സമയത്തു് ഒരു വലിയ സൈന്യം ചേന്ദമംഗലത്തുള്ള അച്ചന്റെ വസതിയെ വളഞ്ഞു. തനിക്കു പ്രയാണത്തിന്നുള്ള സമയമായി എന്നു് അദ്ദേഹം അറിഞ്ഞു. അച്ചന്റെ ആൾക്കാർ ഈ സൈന്യത്തോടു പട പൊരുതുവാൻ സന്നദ്ധരായിരുന്നുവെങ്കിലും അദ്ദേഹം അവരെ വിലക്കി. താൻ രാജ്യം വിടുവാൻ ഉറച്ചതായി സ്നേഹിതന്മാരെയും ബന്ധുക്കളേയും അറിയിച്ചു, താഴെ കാണുംപ്രകാരം ഒരു എഴുത്തു് എഴുതിവച്ചു് അദ്ദേഹം യാത്ര പുറപ്പെട്ടു.

“ചെന്നപട്ടണത്തേക്കു പോകേണ്ടതിന്നു യാത്ര പുറപ്പെട്ടുപോകുന്നു. എല്ലാ കാൎയ്യങ്ങളും ഒഴിച്ചിലായിട്ടു വരുന്നതാകകൊണ്ടു് ഏറെ സങ്കടപ്പെട്ടു പോയെന്നു വരാതെ എല്ലാവരോടും വേണ്ടുംവണ്ണം പറഞ്ഞു് ആശ്വസിപ്പിച്ചു കൊള്ളുകയും വേണം. വിശേഷിച്ചു് മെക്കാളെ സായ്പു് എഴുതിതന്നതിൽ ഇങ്കിരേസ്സും മലയാഴ്മയും കൂടി എഴുതീട്ടു് ഒരു കടലാസ്സു് എഴുന്നെള്ളി ഇരുന്നരുളുന്നേടത്തുണ്ടു്. ആയതുകൂടി കൊടുത്തയക്കണം. തിരുമനസ്സറിവിപ്പാൻ ഒന്നു് എഴുതിക്കൊടുത്തയച്ചിട്ടും ഉണ്ടു്. ആയതു് മറെറാരുത്തരും അറിയാതെ എളിയത

* See Letter No 4.

ന്യൂമാൻ എഴുന്നെള്ളിയിരിക്കുന്നേടത്തു് എത്തിക്കയും വേണം., നമുക്കു് അങ്ങോട്ടു വരേണ്ട സംഗതിയുണ്ടെങ്കിൽ കൊടുത്തയക്കയും വേണ്ട. കൊച്ചുകുഞ്ഞനേയും കൊച്ചുകൃഷ്ണനേയും കൂടെ ഇങ്ങോട്ടയക്കാൻ കഴിയുമെങ്കിൽ അയക്കണം. ശേഷമൊക്കെയും ശങ്കരൻ പറയും.

985 ചിങ്ങം 6-ാംനു- (ഒപ്പ്)"

അച്ചന്റെ പ്രയാണം ചേന്നമംഗലം നിവാസികളെ ദുഃഖനിമഗ്നരാക്കി. അദ്ദേഹത്തിന്റെ ആശ്രിതന്മാരും അടുത്ത ബന്ധുക്കളും മാറത്തടിച്ചു നിലവിളിപ്പാൻതുടങ്ങി. അനുചരന്മാരിൽചിലർ തങ്ങളെയുംകൂടെ കൊണ്ടുപോകണമെന്നു് അധികാരികളോടു് ആവശ്യപ്പെട്ടു. അച്ചൻ എല്ലാവരോടും സമാധാനപ്പെട്ടു അടങ്ങിയൊതുങ്ങിയിരിക്കാൻ ആജ്ഞാപിച്ചുംകൊണ്ടു് അവിടുന്നു യാത്രയായി. 997-ാമാണ്ടുവരെ അദ്ദേഹം മദിരാശിയിൽ മലയാംതോപ്പ് എന്ന സ്ഥലത്താണു് താമസിച്ചതു്.

വളരെക്കാലമായി കാംക്ഷിച്ചിരുന്ന മന്ത്രിപദം കുഞ്ഞികൃഷ്ണമേനോനു് ഇപ്പോൾ ലബ്ധമായി. അച്ചനോടു പകപോക്കുവാനുള്ള അവസരവും അദ്ദേഹത്തിന്നു ലഭിച്ചു. അതിനെ യഥേഷ്ടം പ്രയോജനപ്പെടുത്തി. അച്ചൻ പോയതിന്റെശേഷം ജനങ്ങളുടെ ഇടയിൽ വല്ലാത്ത അസ്വസ്ഥതയുണ്ടായി. * തന്റെ സ്ഥാനം ഉറപ്പിക്കുന്നതിന്നുവേണ്ടി "പാലിയത്തു ചെറിയ മേനോനും ആ പക്ഷക്കാരായിട്ടുള്ളവരുംകൂടി രാജ്യവാസികളെ എല്ലാവരേയും മിത്രഭേദം ചെയ്യുവരുന്നു' എന്ന കുറ്റംചുമത്തി ചെറിയച്ചനെ ബന്ധനസ്ഥനാക്കി. പാലിയംവക സകല വസ്തുക്കളും സക്കാരിലേക്കു കണ്ടുകെട്ടി. ചേന്നമംഗലത്തുള്ള പാലിയംവക കോവിലകം, പണ്ടാരവകയാണെന്നുപറഞ്ഞു് അതിന്റെ താക്കോൽ വലിയ സർവ്വാധികാര്യക്കാർ വാങ്ങുകയും, അതിലുണ്ടായിരുന്ന നെല്ലു്, പുകയിലമുതലായ സാധനങ്ങളും അപഹരിക്കുകയും

* vide Letter No. 6

ചേന്നമംഗലത്തുള്ള വലിയ പണ്ടികശാലപടസന്നാഹം വകയില്ലു ള്ളതാണെന്നുപറഞ്ഞ് സർവ്വാധിയുടെ ആൾക്കാർ ഇറക്കിക്കൊ ണ്ടുപോകയുംചെയ്തു. പാലിയത്തച്ചന്നു യാതൊരു ജന്മിഭോഗവും കൊടുത്തു പോകരുതെന്നു കുടിയാന്മാർക്ക് കല്പന അയച്ചു. ഇതു കൊണ്ടും പുതിയ ദിവാൻ തൃപ്തിപ്പെട്ടില്ല. അച്ചന്റെ ഭാര്യയെ ക്കൂടി ബന്ധനസ്ഥയാക്കുവാനായി ചില ആൾക്കാരെ അവരുടെ വാസസ്ഥലത്തേക്കയച്ചു. ഈ വർത്തമാനം എങ്ങനെയോ അറി ഞ്ഞു. ആ സാധ്വീരത്നം ആണ്ടെത്തീട്ടില്ലാത്ത തന്റെ ശിശുവി നെ ഒരു പുററിന്മേൽ കിടത്തി ഒരു രാത്രി മുഴുവനും ഒരു സർപ്പക്കാ ട്ടിൽ കഴിച്ചുകൂട്ടിയത്രെ. ദിവാന്റെ ആൾക്കാർ ഭഗ്നാശയരായി മടങ്ങിപ്പോയതിന്റെ ശേഷം അവർ പുത്രസഹിതം അവിടെ നിന്നു പുറപ്പെട്ട് പാലക്കാട്ടെത്തുകയും, പാലക്കാട്ടു രാജാവി ന്റെ സഹായത്തോടുകൂടി മദിരാശിയിൽ അച്ചനൊന്നിച്ചു ചേ രുകയുംചെയ്തു.

കൊച്ചിയിൽ നടന്ന സംഗതികളെപ്പററിയെല്ലാം തമ്പു രാൻ അച്ചന് എഴുതീട്ടുണ്ടായിരുന്നു. ആ എഴുത്തിൽ കൊച്ചി യിൽ നിർത്തിയ പട്ടാളത്തിന്റെ ചിലവിലേക്കായി സ്വാതേ യുള്ള കപ്പത്തിന്നു പുറമെ ഒരു ലക്ഷം ഉറപ്പികകൂടി കൊടുക്കണ മെന്നു കാണിച്ച് ഒരു ഉടമ്പടി എഴുതിക്കൊണ്ടുവന്ന് അതിൽ ഒപ്പിടണമെന്നു രാമലിംഗമുതലിയാർ തന്നോട് ആവശ്യപ്പെട്ട പ്പോൾ താൻ അതിന്നു വിസമ്മതം പറഞ്ഞുവെങ്കിലും മദിരാശി ഗവർണ്ണരുടെ കല്പനയാകയാൽ അതനുസരിക്കാതെ തരമില്ലെന്നു മെക്കോളെ തന്നെ നിർബ്ബന്ധിക്കുകയും, താൻ അപ്രകാരം ചെയ്തു യുമുണ്ടായി എന്നും തമ്പുരാൻ എഴുതിയിരുന്നു. ഇതിന്നുപുറമെ തമ്പുരാന്റെ കല്പനക്കു വിരോധമായി പാലിയം നിലങ്ങളും പറമ്പുകളും സർക്കാരിലേക്കു കണ്ടുകെട്ടുകയും മററും ചെയ്തതായും അറിയിച്ചിരുന്നു. ഈ സംഗതിയെ സംബന്ധിച്ച് അച്ചൻ ഇന്ത്യാഗവമ്മേണ്ടിലേക്ക് എഴുതി. മെക്കോളെസ്സായ്പിന്റെ അ

വിവേകപ്രവൃത്തികൾ നിമിത്തമാണ് കൊച്ചിയിൽ ലഹളയുണ്ടായതെന്നും, ആ ലഹളക്ക് ഉത്തരവാദി താൻ മാത്രമാണെന്നും, അതിനാൽ കൊച്ചിരാജ്യത്തെക്കും പാലിയം കുടുംബത്തിലെക്കും ദോഷം വരുത്തുന്നതു ന്യായരഹിതവും ഉടമ്പടി, നിശ്ചയങ്ങൾക്കു വിരോധവുമാണെന്നു കാണിച്ചു ശക്തിയേറിയ ഭാഷയിൽ അച്ചൻ വിസ്തരിച്ചെഴുതിയ ആ എഴുത്തിന്നു മറുപടിയായി അയച്ച കല്പനയിൽ അന്നത്തെ ഗവർണ്ണർ ജനറലായിരുന്ന മിൻടോപ്രഭു മെക്കോളെയുടെ പ്രവൃത്തികളെ കഠിനമായി അധിക്ഷേപിക്കുകയും, ചെറിയച്ചനെ ഉടനെ ബന്ധനവിമുക്തനാക്കുകയും, പിടിച്ചടക്കിയ പാലിയം വസ്തുക്കൾ മുഴുവൻ തിരികെ കൊടുക്കുകയും ചെയ്യണമെന്ന് ആജ്ഞാപിക്കുകയും ചെയ്തിരുന്നു. എന്നാൽ ഈ കല്പനയിൽ വില്ലാർവട്ടം സ്വരൂപത്തിൽനിന്നും സിദ്ധിച്ച പ്രകാരം പാലിയം അനുഭവിച്ചു പോന്നിരുന്ന 'കുത്തുമതി, ചുങ്കം, കാപ്പുമത്സ്യം, ഉപ്പുപടന്ന' മുതലായ അവകാശങ്ങളെപ്പററി ഒന്നും പറഞ്ഞിരുന്നില്ല. * അതിനാൽ ആ അവകാശങ്ങളൊന്നും പിന്നീട് പല എഴുത്തുകുത്തുകൾ നടത്തീട്ടും പാലിയത്തെക്കു ലഭിച്ചില്ല. അച്ചന്റെ എഴുത്തുകുത്തുകളുടെ ഫലമായി കൊച്ചിരാജാവു കൊടുക്കേണ്ട കപ്പപ്പണത്തിൽ സാരമായ കുറവു വരുത്തിയതായും കാണുന്നു. 997_ാമാണ്ടുവരേയും അദ്ദേഹം മദിരാശിയിൽ താമസിച്ചു, അതിനെടക്ക് നാട്ടിലെക്കു മടങ്ങിവരുവാനായി തമ്പുരാന്റെയും ബന്ധുക്കളുടേയും എഴുത്തുകൾ അടിക്കടി വന്നു കൊണ്ടിരുന്നു. എന്നാൽ കുഞ്ഞികൃഷ്ണമേനോന്റെ ഉദ്ബോധനകൾക്കു വശംവദരായ മൺറോസായ്പും നഞ്ചപ്പയ്യൻ ദിവാനും അതിന്നച്ചനു അനുമതി നൽകിയില്ല. അതിനാൽ 997_ാമാണ്ടു തുലാം 11_ാംനു ഗവമ്മേണ്ടിന്റെ അനുവാദപ്രകാരം അദ്ദേഹം കാശിക്കു പുറപ്പെട്ടു. പുറപ്പെടുന്നതി

* Vide Letter No. 7

നമുമ്പ് അനുജനു് അയച്ച എഴുത്തിൽ അദ്ദേഹത്തിന്റെ സ്വ ഭാവം ഏറെക്കുറെ മനസ്സിലാക്കാവുന്നതാകുന്നു. എഴുത്തു താഴെ ചേക്കുന്നു. :—

"എന്റെ കാലം കഴിഞ്ഞാൽ വേണ്ടും പ്രകാരം മുമ്പ് എഴുതിവച്ചിട്ടുണ്ടല്ലൊ. കാൎയ്യാദികൾക്കു ഭേദം വരാതേയും, ധൎമ്മലോപം വരുത്താതേയും, കുടികൾക്കു ദോഷം വരാതേയും അനന്തരവരേയും മററുള്ളവരേയും വേണ്ടുംവണ്ണം ഉപദേശിച്ചു, ഒരു ചരിത്രത്തിന്നും എടവരുത്താതേയും നടന്നുകൊള്ളണം അനന്തരവരിൽ ആരെങ്കിലും ദുൎമ്മാൎഗ്ഗമായിട്ടു നടന്നാൽ ശേഷമുള്ളവരെല്ലാവരും കൂടി അവന്റെ ദുൎമ്മാൎഗ്ഗം സാമഭേദാദികളെക്കൊണ്ടുകളഞ്ഞു പുറത്തൊന്നും കേൾപ്പാൻ എടവരാതെ പ്രത്യേകമായിട്ടു് വിചാരിച്ചുകൊള്ളുകയും വേണം. പാലിയത്തു കുഞ്ഞിക്കാവിനു വയസ്സാകയാലും കാൎയ്യാദികൾക്കു ശീലമില്ലായ്കകൊണ്ടും, നാനാവിധത്തിനു പലരും കൂടിയിരിക്കകൊണ്ടും, പുരുഷന്മാരിൽ ഒരാളെക്കൊണ്ടു വിചാരിച്ചു്, ഒരു കാൎയ്യത്തിന്നും കുറവു വരുത്താതെ നടത്തിക്കൊള്ളണം. നമുക്കുള്ള ആളുകളിൽ പ്രാപ്തിയും കുടുംബത്തെക്കുറിച്ചു സ്നേഹവുംഉണ്ടായിട്ടു് നമ്മുടെ കുഞ്ഞുമേനവനെപ്പോലെ മററൊരുത്തരും നമുക്കില്ല, അതുകൊണ്ടു് കുഞ്ഞുമേനവനെ വേണ്ടുംവണ്ണം വിചാരിച്ചു് കാൎയ്യാദികൾ ഒക്കെയും ഒന്നിച്ചു് വിചാരിച്ചു് നടന്നുകൊള്ളണം. രാമുണ്ണി എന്റെ കൂടെ ഇരിക്കകൊണ്ടു് വീട്ടിൽ ശേഷമുള്ളവൎക്കു് നല്ല രസമില്ലാത്തതു അറിഞ്ഞിട്ടുണ്ടല്ലൊ, അതുകൊണ്ടു രാമുണ്ണിയുടെ കാലം കഴിവോളം ഒരു ബുദ്ധിമുട്ടുകൂടാതെ രക്ഷിച്ചുകൊള്ളണം. ഭക്ഷണം ഒന്നിച്ചുതന്നെ എങ്കിലും സുഖംപോരാ എങ്കിൽ രണ്ടു വാലിയക്കാരും അരിയും കോപ്പുകളും കൊടുപ്പിച്ചുകൊള്ളണം. എണ്ണ, വസ്ത്രംമുതലായ വസ്തു് നൂററിരുപതു പുത്തനിൽ കുറയാതെ കൊടുപ്പിക്കണം, പുരുഷന്മാരിൽ ... ചുരുങ്ങീട്ടു് വാസ്സതിനും പ്രാപ്തിയുണ്ടെന്നു തോന്നുന്നു. മനസ്സ

ൎപ്പോലെയും പ്രാപ്തിപോലെയും വാശ്ശത്തും പ്രവൎത്തിക്കുന്നമെങ്കിൽ ചെയ്യിക്കാം. ചേന്നൻ ചെറുപ്പത്തിലെ പാൎത്ത് ഒന്നിച്ചു കളിച്ചു വളൎന്നവനാകകൊണ്ടും എന്നെ ഏററവും കൂറുള്ള ആളാകകൊണ്ടും, ഇപ്പോൾ ദീനക്കാരനായിട്ട് ഒന്നിനും പ്രാപ്തിയില്ലാതെ വന്നിരിക്കകൊണ്ടും ചേന്നന്റെ കാലം കഴിവോളം ഒരു ബുദ്ധിമുട്ടു കൂടാതെ അവനെ രക്ഷിക്കണം. നിദാനത്തിനു അരിയും കോപ്പും കൊടുപ്പിച്ചുകൊള്ളണം. എണ്ണക്കും വസ്ത്രത്തിനും, ഇപ്പോൾ മാസത്തിൽ ഒരു പുത്തൻവീതം കൊടുക്കുന്നുണ്ട്. ഇനിയും അപ്രകാരം കൊടുപ്പിക്കണം. ശേഷമുള്ള ആളുകളെയും നല്ലപോലെ വിചാരിച്ച് വേണ്ടുംവണ്ണം കാൎയ്യാദികൾ നടത്തിച്ചുകൊള്ളണം. കോവിലകത്തു ആരും പാൎക്കായ്കകൊണ്ട് നാനാവിധമായി പോകുന്നു. അതുകൊണ്ട് അനുജൻ കോവിലകത്തുതന്നെ പാൎത്തുകൊള്ളണം. ഇപ്പോൾ ഇരിക്കുന്ന മഠം സ്ഥലമില്ലാത്ത അനന്തരവൎക്ക് കൊടുക്കണം. ഇങ്ങനെ അത്രെ എന്റെ മനസ്സാകുന്നത്. അതുംവണ്ണം നടന്നാൽ ഗുണം വരികയും ചെയ്യും. ഇതിനുവേണ്ട മുതൽ തറവാട്ടുവകകൂടാതെ എന്റെ സ്വകാൎയ്യമായിട്ടുള്ളതു പെട്ടിയിലുണ്ട്. കൊച്ചുകുഞ്ഞു കയ്യെഴുത്ത് (ഒപ്പ്_സംസ്കൃതത്തിൽ)

കാശിയിൽ അച്ചൻ നാലു കൊല്ലത്തോളം താമസിച്ചു 1000_മാണ്ടിൽ അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു.

# എഴുത്തുകൾ

## I

ബെചിയ ഉലന്ത ഭാഷക്കാരൻ ക്രോയൻസ എഴുത്ത്. പാലിയത്ത് വലിയച്ചൻ അറിയേണ്ടും അവസ്ഥയെന്നാൽ— ഇക്കോട്ട അടിയന്തരത്തിന് ഏതാനും കുടമ്മിക്കാരെ കൂട്ടിക്കൊണ്ടു വരത്തക്കവെണ്ണം ബാല്യക്കാരെ അയച്ചതിന്റെശേഷം മുപ്പത്തഞ്ചു കുടമ്മികളോളം ശേഖരിച്ച് ബാല്യക്കാരെ കൂട്ടിക്കൊണ്ടു വരുമ്പോൾ ദേവസ്വത്തുംകലെ അധികാരിയും ഒരു ശൌമ്മിണിയുംകൂടെ വഴിയിൽവെച്ച് എടുത്ത് കുടമ്പികളെ അയക്കയില്ലെന്നു പറഞ്ഞതിന്റെശേഷം ബാല്യക്കാരര് ഗൊമ്മിണിയുടെ കൈക്കു പിടിച്ചാറെ അയാളെ വിട്ടയക്കണമെന്നും അച്ചൻ കല്പിച്ചപ്രകാരം ഒരു നായരു വന്നു പറകകൊണ്ട് ഗൊമ്മിണിയെ വിട്ടുപോന്നവെന്നും അവർ ഇവിടെ വന്നു പറയുകയുണ്ടായി. ബഹുമാനപ്പെട്ട കമ്പഞ്ഞിയുടെ അടിയന്തരത്തിന്ന് കുമ്പദവരു കല്പിച്ചയക്കുന്ന ബാല്യക്കാരര് കൂട്ടിക്കൊണ്ടുവരുന്ന കുടുമ്പികളെ ഇതുംവണ്ണം വിരോധിക്ക എന്നു വന്നാൽ അടിയന്തരം കഴിയാനുള്ളതിന്നു വളരെ മുട്ടായി വരുമല്ലൊ. ഇപ്പോൾ ഉണ്ടായ കാൎയ്യം അച്ചനെ ബോധിപ്പിക്കുമ്പോൾ പണ്ടു പറഞ്ഞു വരുന്നതിൻവണ്ണം അച്ചൻ ഇപ്പോഴും ഗ്രഹിച്ചിട്ടില്ലന്നല്ലൊ പറയുമെന്നും അതുകൊണ്ട് കുടുമ്പികളെ കൂട്ടിക്കൊണ്ടു വരത്തക്കവെണ്ണം ബാല്യക്കാരരെ കല്പിച്ചയച്ചാൽ ഒരു ഫലവുമില്ലെന്നു വന്നിരിക്കുന്നുവെന്നും ആയതുകൊണ്ട് ഇനി ഏതുപ്രകാരം കുടുമ്പികളെ ഇവിടത്തെ അടിയന്തരത്തിന്നു വരുത്തേണ്ടുവെന്നും ഇതിന്റെ മറുപടി ഉടനെ കൊടുത്തയക്കണമെന്നും നമ്മുടെ ബാല്യക്കാരര് അന്വെഷിച്ചു കൊണ്ടുവരുന്ന കുടുമ്പികളെ ആരും തടുകഇല്ല എന്നു അച്ചന്റെ മറുപടി വന്നാൽ കുടുമ്പികളെ അന്വെഷിച്ചുകൊണ്ടു വരുത്തുകവണ്ണം അടുത്ത കാലത്തു് ബാല്യക്കാരരെ കല്പിച്ചയക്കുമെന്നും ഇ

1487 35919

തില്ലാതെ ഇപ്പോഴും അടിയന്തരമായിട്ടു കഴിപ്പിക്കേണ്ടുന്നതു് രണ്ടു ദിവസംകൊണ്ടു കഴിയുന്ന വേല ആകകൊണ്ടു് അച്ചൻതന്നെ കൂടെ സഹായിക്കാത്തതു് എന്തുകൊണ്ടാകുന്നു അറിഞ്ഞുകൂടാ എന്നും പെരുമ്പടപ്പിൽ സ്വരൂപവും ബഹുമാനപ്പെട്ട കുമ്പഞ്ഞിയും മുമ്പിനാലെ ഉള്ള ബന്ധുത്വമാകകൊണ്ടും ഇന്നവരെക്കു നമ്മുക്കൊന്നുകൊണ്ടും സഹായിക്കുമെന്നു് ഇങ്കരേസ്സു സമസ്ഥാനത്തുനിന്നും വിലക്കു വന്നിട്ടില്ലെന്നും അച്ചൻതന്നെ പറഞ്ഞിരിക്കകൊണ്ടും ഇപ്പോഴും ലന്തയും ഇങ്കരേസ്സും ശത്രുഭാവമായിട്ടു് ഒന്നും കഴിയായ്കകൊണ്ടും ജനപട്ടണത്തു വർത്തമാനക്കടുദാസിൽ എഴുതിവന്ന വർത്തമാനം കണ്ടതു നാം ഇവിടെ കരുതേണ്ടതു് കരുതി വരുന്നുവെന്നും ആയതു് ശത്രുഭാവത്തിന്റെ ലക്ഷണം അല്ലല്ലൊ എന്നും വിശേഷിച്ചു് അച്ചൻ ബഹുമാനപ്പെട്ട കുമദവക്കു് കൊടുത്തിരിക്കുന്ന വാക്കിന്റെ നിവൃത്തി അടുത്ത കാലത്തു് വരുത്തിക്കുമെന്നും നിശ്ചയിച്ചിരിക്കുന്നുവെന്നും അച്ചനു് എഴുതികൊടുത്തയക്കണമെന്നും ബഹുമാനപ്പെട്ട കുമദവറ് കല്പിച്ചു. എന്നതുകൊണ്ടു് ബഹുമാനപ്പെട്ട കുമദവരെ ഇനിയും ഏറിയ ബുദ്ധിമുട്ടു വരുത്താതെ അതിന്റെ നിവൃത്തി വേഗത്തിൽ വരുത്തുക അത്രെ വേണ്ടിയിരിക്കുന്നു. ആയുസ്സ വർദ്ധിച്ചിരിക്ക. എന്നാലിതു് കൊച്ചിക്കോട്ടയിന്നു് ജൂലൈ 26-നു 1790 (ഒപ്പു്)

KOTTAYAM PUBLIC LIBRARY • KOTTAYAM •

## II

It is hereby made known unto Paliath Achen by Major Hewet, Commanding officer of the force at Cochin upon the order of Col: Macaulay, Resident at Travancore that

If, on sending the copies of the Government notification to the officers at Parur which belongs

to the Circar of Travancore, it should appear to you for certain that they will conform themselves to the notification and afford their assistance, you will in that case immediately take the necessary trouble to have the village of Alangad and Paravoor put into your possession and you will continue to be in charge of the said villages which are now under the direction of the officers of the King of Cochin until such time as the pleasure of Government shall be known with regard to them. Thus does Col: Macaulay, Resident of Travancore make known unto you. If in the meanwhile you are certain that you are capable of usurping any one of the countries which are situated to the south of Tripunithura and are under the authority of the King of Travancore,

I have received the order of Col: Macaulay to vest you with the necessary authority so that the said villages may be superintended by your own officers.

To

Paliath Achen,

Dated at Cochin 5th Makaram, 987.

From

Major Hewet, Commanding officer of the forces of Cochin.

III

From

Major Hewet

Commander of the British forces at Cochin.

Having commanded the forces at Cochin under the orders of Col: Macaulay during the hostilities between the Travancore and British troops I had almost daily communication with Paliath Achen as the Diwan of the Rajah of Cochin and found him zealous and diligent in providing supplies for the British troops passing through the Cochin territories and had no cause to believe that he was inmical to the British Government; and although I was in constant communication with Col. Macaulay the British Resident I do not recollect he ever mentioned to me that Paliath Achen was a person dangerous to the British interest. On the contrary I was ordered by Col. Macaulay in Feb. 1809 to put Paliath Achen in possession of several villages which were then taken from the Circar of Travancore. The impression made on me by my constant inter-course with Paliath Achen for some months early in 1809 was that he was good-natured and by no means, of a turbulent disposition.

IV·

To

Paliath Achen

From

His Majesty the King of Cochin

After you had left this acquiring no intelligence from you it saddened me a great deal but in learning that you had happily reached Bombay.... afforded me much pleasure· After you went away Macaulay formed a wish of favouring Cheruparambil Kunjukrishna Menon with Dewan Gherry which being intimated to me by Ramalinga Mudaliar I consented to, after which I was required to allow the company the furthur sum of Rs· 100,000 in addition to the one lakh and seventy thousand rupees being expenses of the Battalion which both together form 2,76,000 Rupees payable every year and a drawn agreement being accordingly presented to me for acceptance by Ramalinga Mudaliar and Kunjukrishna Menon, and upon my objecting that I could not yield to, Macaulay sent word to say that it had been so ordered by the Governor of Madras and these two persons thus telling me and importuning me I allowed myself to sign it·

The Diwan Gherry by ignoring my orders proceeded agreeably to his own wishes. All your

1487

grounds and gardens have been seized in the name of my Circar though I am exceedingly perplexed but have not consented to and expressed that it was quite unnecessary.

You will anyhow arrange matters and return soon. 20th Oct. 1809.

## V

ശ്രീ

ചേന്നോസ്സ നമ്പൂരി വായിച്ച് എന്റെ തമ്പുരാന്റെ തിരുവുള്ളത്തിലേറേറണ്ടും അവസ്ഥ എന്നാൽ കല്പിച്ചുകൊടുത്തയച്ച തീട്ടൂരം എഴുതിവന്നുവല്ലൊ. അടിയൻ ഇപ്പോൾ കമ്പഞ്ഞി കല്പനയ്ക്ക് ബമ്പായിൽ വിടകൊണ്ടു പാക്കൈകൊണ്ടു് അങ്ങോട്ടു വിടകൊള്ളേണ്ടതിന്നും ഒരു കാര്യം പ്രയത്നംചെയ്യേണ്ടതിന്നും പരാധീനമായിട്ടത്രേ വന്നിരിക്കുന്നതു് എങ്കിലും തിരുമനസ്സിലെ കാര്യത്തിന്നു ആകുന്നതും പ്രയത്നം ചെയ്യേണ്ടതിന്നു് ഉപേക്ഷ ഉണ്ടാകയും ഇല്ല 985 വൃശ്ചികം 10_ാംനു-.

## VI

ശ്രീമതു സകലഗുണസമ്പന്നരാന രാജമാന്യരാജശ്രീ കൊച്ചിമഹാരാജാവ് അവർകൾക്ക് തിരുവിതാംകൂർ റെസ്സിഡെന്തി കണ്ണ്റൽ മെക്കാളെ അവർകൾ സലാം—

ഇതിന്നു കീഴ്നാം എഴുതിയതിന്നു് രാജാ അവർകൾ കന്നിമാസം 26-ാംനു- നമുക്ക് ഒരു കടുദാസ്സ് എഴുതികൊടുത്തയച്ചതു് അങ്കട്ടൊരു വിലാസം 15_ാംനു- രണ്ടു അരിക്കാറർ

ഇവിടെ കൊണ്ടുവന്നു നാം കൈപ്പററിയതിൻെറ പകപ്പു് ആ കുന്നത്തു് എന്നാൽ ബഹുമാനപ്പെട്ട കുമ്പഞ്ഞിയിലെക്കും നമ്മുക്കും ദ്രോഹംചെയ്തു പാലിയത്തുമേനോനെ രാജ്യത്തുനിന്നു നീക്കംചെയ്തു സമയിപ്പുഅവർകളും നാമുംകൂടി കുഞ്ഞുകൃഷ്ണനെ വലിയസർവ്വാധികാര്യം വിചാരിക്കത്തക്കവണ്ണം കല്പിച്ചു ആക്കിയതിൻെറ ശേഷം ഇന്നേവരേയും അവൻെറ നടപ്പിന്നു് ഒരു ഭേദംകൂടാതെ നീതിന്യായംപോലെ നടത്തിച്ചുവരികകൊണ്ടു് നാം ഏററവും സന്തോഷിച്ചിരിക്കുമ്പോൾ * പാലിയത്തു ചെറിയ മേനോനും ആ പക്ഷക്കാരെല്ലാവരുംകൂടി രാജ്യവാസികളെ എല്ലാവരേയും മിത്രഭേദം ചെയ്തുവരുന്ന അവസ്ഥ സായിപ്പു് അവർകളും അറിഞ്ഞിട്ടുണ്ടല്ലൊ. ഇപ്പോൾ നമുക്കു് വ്യസനം വരേണ്ടുന്നതിന്നു് പാലിയത്തു് മേനോനും ആ പക്ഷക്കാരെല്ലാവരുംകൂടി നിരൂപിച്ചു അതിൽ ചിലര നമ്മുടെ സ്വജനങ്ങളെ എല്ലാവരേയും ഭേദിപ്പിച്ചു നമ്മുടെ കാര്യാദികൾക്കും രാജ്യത്തിന്നും ദോഷം വരുത്തേണ്ടതിന്നും കുഞ്ഞുകൃഷ്ണൻ വഷളൻ ആകുന്നു എന്നു വരുത്തേണ്ടതിന്നും ചില പ്രയത്നങ്ങൾ ചെയ്തുകൊണ്ടു് ചിലരെ അതിൻെറ അവസ്ഥപോലെ ചെയ്തു് അമർച്ച വരുത്തുകയും ചെയ്തു. ഇനി ചിലര ഉള്ളവരെ സായ്പു് അവർകൾകൂടെ വിചാരിച്ചു നിൎത്തേണ്ടതിന്നു നാം വളരെ

---

* ഇതിനെസ്സംബന്ധിച്ചു് Col. Munro ഇപ്രകാരം പറഞ്ഞിരിക്കുന്നു,

"The late Kunju Krishna Menon had thrown the Paliyat to brother (Cheriachen) into prison and had confiscated the whole property of the family. I entered into an immediate investigation of the subject. I could discover no reasonable grounds for the proceeding of the late minister as Cheriachen was a man of inofensive character and I made immediate arrangements for his release and for restoring to him part of his family property."

35919

വളരെ അപേക്ഷിക്കുന്നു. ശേഷം ഒക്കെയും കുഞ്ഞുകൃഷ്ണൻ ബോധിപ്പിക്കയും ചെയ്യും. നമുക്കുതന്നെ സായിപ്പ അവർകളെക്കണ്ടു് ചില ഗുണദോഷം വിചാരിക്കേണ്ടതുണ്ടാകകൊണ്ടു് ആയതു എപ്പോൾ വേണ്ടുവെന്ന അനുവാദം ഉണ്ടാകവേണ്ടിയിരിക്കുന്നു. ഈ കടലാസ്സ് അവിടെ എത്തിയ അവസ്ഥയും തങ്ങളുടെ സുഖസന്തോഷാതിശയങ്ങൾക്കും എഴുതിവരുമാറാകയും വേണം—എന്നു് കൊല്ലം 985-ാം മാണ്ട് കന്നിമാസം 26-ാംനു.

## VII

To

The Chief Secretary to Government
Fort St. George.

Sir,

Soon after the Travancore war I expressed to Col: Macaulay a wish to visit for some months some religious places to which he assented and he at the same time strongly advised it because he was abou. to increase the amount of tribute from the King which would be very badly received by the King. He then gave me a passport and an assurance that he would be a protector to my family in my absence. In my absence from Cochin Kunjukrishna Menon was appointed to act as the Diwan to the King and availing himself of my absence seized on my villages in the name of the King and plundered paddy, tobacco and other pro-

perty belonging to me and put my younger brother in prison, but my lands in Travancore were not attached by Macaulay which proves that these acts were not by his authority.

On my return towards my home I stopped at Seringapattam in March 1811 when I heard that Col. Macaulay had gone to England. I therfore wrote a letter to Col. Munroe the new Resident informing him of my being so far on my return. I received a reply desiring me to proceed to Madras and then report myself to Government.

On my arrival at Madras I represented my case in a petition to George Barlow who ordered, by an endorsement on it, my estates to be restored to me. This document was forwarded to Col. Munroe who returned to my family some of my landed revenue but not the tobacco farm and customs. I again petitioned to which I received the following reply.

"The family of Paliat at one time possessed the to-bacco farms and land customs of certain villages, but these revenues were transferred to the circar upwards of twelve years ago by the former Rajah and as they form part of circar revenues, they have not been given up to the family. With this exception the whole of the property assumed by the

circar has been restored to the family and it is sufficient for all the wants of Paliat and his dependants."

AYAM PUBLIC LIBR… AYAM.

## VIII

To all to whom it may concern

Permit the bearer hereof Paliyat Achen of Cochin proceeding to Benares and taking with him one Palanqueen, one horse, four Bandies, two guns, two swords, two badges and bagguge with 24 followers to proceed there without molestation.

Given under my hand and seal at Trichur this the 24th day of June 1821 (signed) Resident.

## IX

പാഴൂർ പള്ളിയിൽനിന്നു മലങ്കര എടവക ഒക്കയുടേയും ഗവർണ്ണർ കൊച്ചി മഹാരാജാവിന്റെ സർവ്വകാര്യവും വിചാരിക്കുന്ന അധിപതി ബഹുമാനപ്പെട്ട പാലിയത്തു വലിയച്ചനു —അരണാട്ടുകര കമ്പോളത്തിൽ പാർത്തു വരുന്ന മാപ്പിളമാരിൽ ചിലർ എനാമാക്കൽ പള്ളിയിൽകൂടി വേദകാര്യങ്ങൾ നടത്തിയിരുന്നു എന്നും ടിപ്പുവിന്റെ പടവെട്ടുകാലത്തു പള്ളി നാനാവിധം വരുത്തിയതുകൊണ്ടു പാഴൂർ പള്ളിയിൽകൂടി വേദകാര്യങ്ങൾ നടത്തിയിരുന്നു എന്നും ഇപ്പോൾ എനാംമാക്കൽ പള്ളി നടപ്പു വരികകൊണ്ടു കീഴമര്യാദപോലെ എനാംമാക്കൽ പള്ളിയിൽതന്നെ വേദകാര്യങ്ങൾകൂടി നടത്ത

ണമെന്നു് അങ്ങോട്ടു വരുന്നവരോട് മര്യാദപോലെ നടപ്പാൻ കല്പന കൊടുക്ക വേണ്ടിയിരിക്കുന്നു എന്നു 1807 ഡിസമ്പർ 10. (ഒപ്പു്)

X

കൊച്ചിയിൽ കാര്യവിചാരം പൂർവ്വവർത്സായ്യു് പാലിയത്തച്ചനു എഴുതിയതു്.—

പശുവിന്റെ കാര്യത്തിൽ പിടിച്ചു പാൎപ്പിച്ച തടവുകാരു് ആലേരിപറമ്പിൽ പരലി എന്നവനേയും പുളിക്കൽ പറമ്പിൽ ചാക്കൊ, വറിയതു് എന്നവരേയും തങ്ങൾ ഇവിടെക്കു കൂട്ടി അയച്ചവരെ ഇവിടെക്കൊണ്ടുവന്നു നാം കണ്ടാറെ ഇത്ര നാളും അവരെ ചെയ്ത വധയും അതിക്രമങ്ങളും എത്രയും സാമാന്യമായിട്ടുള്ളതാകകൊണ്ടു് മേൽ എഴുതിയ പ്രകാരം ചെയ്യിച്ച ആളുകളേയുംകൊണ്ടു് തങ്ങൾതന്നെ നാളെ ഇവിടെവന്നു് അവരുടെ ശരീരത്തിന്മേലുള്ള അടയാളങ്ങൾ കണ്ടു പോകേണ്ടതിന്നു നമുക്കു വളരെ ആഗ്രഹം ഉണ്ടു്. അതുകൊണ്ടു് തങ്ങൾ ഇവിടെവന്നു് അവസ്ഥകൾ ബോധിച്ചുകഴിഞ്ഞാൽ അതിന്റെ അവസ്ഥപോലെ നാം വിചാരിക്കയും ചെയ്യും 982 മിഥുനം 28_ാംനു-

---

JAWAHAR BALBHAVAN & CHILDREN'S LIBRARY
KOTTAYAM
(A PROJECT OF KOTTAYAM PUBLIC LIBRARY)

Cl. No M08 Acc No 1487

This book should be returned on or before date last stamped below.

൩൦8 148

കെ. രാമൻ മേനോൻ
പാലിയത്ത് ഗോവിന്ദൻ
വലിയച്ചൻ